
LITTLE KITES
മുദ്ര
KPMSM HSS
ARIKKULAM

## അകത്താളുകളിൽ

കഥ........8
*ഈ മഴയിൽ ഞാൻ സന്തുഷ്ടനല്ല*........8
അനുഭവം........11
*കോടമഞ്ഞിൻ താഴ്വരയിൽ*........11
കവിത........13
*പുനർജ്ജന്മം*........13
അനുഭവം........15
*മറക്കാൻ കഴിയാത്ത എന്റെ കൊച്ചു യാത്ര*........15
കഥ........18
*ആ യാത്രയിൽ*........18
അനുഭവം........23
*യാത്രകൾ...അന്നും....ഇന്നും*........23
കവിത........25
*പോർക്കളം*........25
കഥ........27
*ശംഖ്*........27
യാത്രാവിവരണം........35
*വിനോദയാത്ര*........35
വായനാക്കുറിപ്പ്........37
*പറയി പെറ്റ പന്തിരുകുലം*........37
കഥ........39
*സ്നേഹസ്പർശം*........39
യാത്രാവിവരണം........42
*ചെന്നൈയിലെക്കൊരു യാത്ര*........42
ഉപന്യാസം........44
*പ്രളയം പഠിപ്പിച്ചത്*........44
കവിത........48
*ഇര*........48

അനുഭവം......49
*ഒരു അവധിക്കാല യാത്ര*......49
കഥ......52
*അശാന്തമായ കടൽ മനസ്സിൽ ഇരമ്പുന്നുണ്ടായിരുന്നു*......52
അനുഭവം......55
*സുന്ദരമായ യാത്ര*......55
വായനാക്കുറിപ്പ്......57
*ഖസാക്കിന്റെ ഇതിഹാസം*......57
കവിത......59
*എന്റെ സ്വർഗ്ഗം എന്റെ അടുക്കള*......59
വായനാക്കുറിപ്പ്......60
*ടോട്ടോച്ചാൻ*......60
വായനാക്കുറിപ്പ്......61
*ബാല്യകാലസഖി*......61
കവിത......63
*അടുക്കള*......63
കഥ......65
*ചെവി*......65

ചീഫ് എഡിറ്റർ
അബ്ദുൽ അസീസ്. പി.കെ.
HSA (Mathematics)
KPMSM HSS ARIKKULAM

എഡിറ്റർ
ഷർജിന. കെ. വി.
HSA (Physical Sci,)
KPMSM HSS ARIKKULAM

## എഡിറ്റോറിയൽ ബോർഡ്

രാഗേഷ്. കെ.
HSA (Malayalam)
KPMSM HSS ARIKKULAM

ഷിജു. സി.എം
HSA (Social Sci.)
KPMSM HSS ARIKKULAM

നൗറ അമൻ
അഭിരാം. എസ്
നജ ഫാത്തിമ
നവ്യാദാസ്
ഗീതിക. എസ്.

## കവർ ഡിസൈൻ

അമാന ഫാത്തിമ

വര

അമാന ഫാത്തിമ




## സന്ദേശം

അരിക്കുളം കെ.പി.എം.എസ്.എം. ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ "മുദ്ര" എന്ന പേരിൽ ഒരു ഓൺലൈൻ മാഗസിൻ നിർമ്മിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഇത്തരം മാഗസിനുകൾ വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾക്ക് പ്രോത്സാഹനമാകുമെന്നതിൽ സംശയ മില്ല. നിങ്ങളുടെ മഹത്തായ സംരംഭത്തിന് എല്ലാവിധ ആശംസ കളും നേരുന്നു.

സ്നേഹത്തോടെ

ടി. സുരേഷ്
പി.ടി.എ. പ്രസിഡണ്ട്
കെ.പി.എം.എസ്.എം.എച്ച്.എസ്.എസ്.
അരിക്കുളം



<u>സന്ദേശം</u>

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ കാതലായ മാറ്റങ്ങൾ നടന്നു കൊണ്ടിരിക്കുകയാണിപ്പോൾ. എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെ വിദ്യാലയങ്ങളെല്ലാം ഹൈടെക് ആയി മാറിക്കൊണ്ടിരിക്കുന്നു. അതിന്റെ ഭാഗമായി സാങ്കേതിക വിദ്യയോടുള്ള പുതു തലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി സ്കൂളുകളിൽ രൂപീകരിക്കപ്പെട്ട കുട്ടികളുടെ കൂട്ടമാണ് "ലിറ്റിൽ കൈറ്റ്സ്".

അരിക്കുളം കെ.പി.എം.എസ്.എം. ഹൈസ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ്" യൂണിറ്റിന്റെ നേതൃത്വത്തിൽ "മുദ്ര" എന്ന പേരിൽ ഒരു ഓൺലൈൻ മാസിക നിർമ്മിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. മാസികയുടെ പിന്നണിയിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. വിദ്യാർത്ഥികളുടെ സർഗ്ഗവാസനകൾക്ക് ഊർജ്ജം പകരാൻ ഇത്തരം മാസികകൾക്ക് കഴിയും എന്നതിൽ സംശയം ഇല്ല. മാസികക്കും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും എല്ലാ വിധ ആശംസകളും നേരുന്നു.

പി. ജി. മീന
ഹെഡ്മിസ്ട്രസ്സ്
കെ.പി.എം.എസ്.എം.എച്ച്.എസ്.എസ്.
അരിക്കുളം



## Message

I am very glad to know that the Little Kites unit of KPMSM High School is publishing an online magazine “MUDRA”. It will help to flourish the creativity of students. I wish the venture very success and wishing all Little Kites members all the best.

With regards

P Zuhara

Principal

KPMSM HSS Arikkulam

കഥ

# ഈ മഴയിൽ ഞാൻ സന്തുഷ്ടനല്ല.

മഴ ശക്തിയായി പെയ്യുന്നുണ്ടായിരുന്നു. മഴത്തുള്ളികൾ ഓലയുടെ തുമ്പിലൂടെ ഒലിച്ചിറങ്ങുമ്പോൾ അയാളുടെ മനസ്സിലെ മുറിവിലൂടെ ചോര ഒലിക്കുകയായിരുന്നു.

എനിക്കു വയ്യ എന്ന് അയാൾ ആർത്തു നിലവിളിച്ചു കൊണ്ടേ ഇരുന്നു. അമ്മയുടെ വേർപാടിലൂടെ തന്റെ ജീവിതത്തിലെ ഇരുൾ കൂടിയിരിക്കുന്നു.

മഴയുടെ മുഴക്കം ഉയർന്നു കൊണ്ടേ ഇരുന്നു. "ഇല്ല... ഈ മഴയിൽ ഞാൻ സന്തുഷ്ടനല്ല"... എന്ന് അയാൾ വിളിച്ച് പറഞ്ഞു കൊണ്ടേ ഇരുന്നു.

മഴയുടെ ചോർച്ച കാത്തു നിൽക്കാതെ, മുള്ളുമായി ഭയപ്പെടുത്തുന്ന തൊട്ടാവാടി ചെടിയുടേയും മഴയിൽ കുളിച്ചു നിൽക്കുന്ന പുൽത്തകിടിലൂടേയും കവുങ്ങിൻതോപ്പിലൂടെ അയാൾ നടന്നു.

വഴിയിൽ വീണു കിടക്കുന്ന അടക്കയും പോവുന്ന വഴി അയാൾ എടുത്ത് സഞ്ചിയിലാക്കുന്നുണ്ടായിരുന്നു. എന്തിനായിരിക്കും അതെന്ന് ഞാൻ ചിന്തിച്ച് നിൽക്കുമ്പോഴേക്കും അയാൾ എന്റെ മുമ്പിൽ നിന്നും മായാവിയെ പോലെ മറഞ്ഞിരുന്നു.

അയാൾ പോയ വഴിയേ ഞാൻ കുതിച്ചു. റോഡരികിൽ ചോരയൊലിപ്പിച്ച് കിടക്കുന്ന ഒരു വൃദ്ധയെയാണ് ഞാൻ അവിടെ കണ്ടത്.

തൊട്ടടുത്ത് പൊട്ടിക്കരഞ്ഞു കൊണ്ട് അയാളും. അയാൾ തന്റെ കയ്യിൽ ഉണ്ടായിരുന്ന അടക്കകളെല്ലാം ആ വൃദ്ധയുടെ കാൽക്കൽ സമർപ്പിച്ചു.

അപ്പോൾ എനിയ്ക്കൊരു കാര്യം മനസ്സിലായി. തോരാമഴയും നനഞ്ഞ് അയാൾ അടക്ക പെറുക്കിയിരുന്നത് തന്റെ അമ്മയ്ക്ക് നൽകാനായിരുന്നു എന്ന്.

പക്ഷേ അപ്പോഴും എന്റെ മനസ്സിൽ സംശയത്തിന്റെ താളുകൾ തുറന്നു വന്നു. എന്തിനാണിയാൾ അടക്കകളെല്ലാം അമ്മയുടെ കാൽക്കൽ വച്ചത്. അപ്പോഴാണ് ഞാൻ റോഡരികിലേക്ക് സൂക്ഷിച്ച് നോക്കിയത്.

ശവത്തിന് ചുറ്റും കൂടി നിന്നവർ അയാളെ നോക്കി പരിഹസിച്ച് ചിരിക്കുകയാണ്. ഞാൻ അവിടെ ഒന്നും മിണ്ടാതെ നിന്നു. അവരുടെ സംസാരത്തിൽ നിന്നും എനിക്ക് കുറേ കാര്യങ്ങൾ മനസ്സിലായി.

വളരെ കഷ്ടപ്പെട്ടാണ് അമ്മ അയാളെ വളർത്തിയത്. ദാരിദ്ര്യം നിറഞ്ഞ ആ കുടുംബത്തിൽ ആ അമ്മ ഗർഭിണിയാ യിരുന്ന സമയത്ത് തന്നെ അയാളുടെ അച്ഛൻ മരിച്ചു. പിന്നീട് തനിക്കുണ്ടായിരുന്ന കവുങ്ങ് തോട്ടം പണയപ്പെടുത്തിയാണ് അമ്മ അയാളെ പഠിപ്പിച്ചത്.

പക്ഷേ അമ്മയുടെ പ്രതീക്ഷയ്ക്ക് വിരുദ്ധമായി അയാൾ ഒരു താന്തോന്നിയായാണ് വളർന്നു വന്നത്. അയാളുടെ ഈ മാറ്റം അമ്മയെ സങ്കടപ്പെടുത്തി.

അമ്മയ്ക്ക് വെറ്റില മുറുക്കുന്ന ശീലം ഉണ്ടായിരുന്നു. അതു കൊണ്ടാണ് അയാൾ അമ്മയ്ക്ക് അടക്ക കൊണ്ടു കൊടുത്തത്. അവന് അവന്റെ അമ്മ മരിച്ചപ്പോഴെങ്കിലും സ്നേഹം ഉണ്ടായി. പക്ഷേ ചുറ്റും നോക്കി നിന്ന് പരിഹസിച്ചവർക്ക് അതും ഉണ്ടായില്ല.

ശവം എടുത്ത് മകൻ ആർത്തലച്ച് കരഞ്ഞു. റോഡരികിലൂടെ ഒഴുകുന്ന ചെളിയിലൂടെ അവന്റെ പാപവും ഒഴുകിപ്പോയി.

പരശ്ശതം പ്രതിധ്വനികളുള്ള മുഴക്കത്തിന്റെ ആഴത്തിലേക്ക് അയാൾ ആഴ്ന്നിറങ്ങുമ്പോഴും പുറത്ത് മഴ നിലച്ചിരുന്നില്ല.

അനാമിക

IX A

അനുഭവം

# കോടമഞ്ഞിൻ താഴ്വരയിൽ

കോടമഞ്ഞ് മഴത്തുള്ളികളായ് ഉറ്റി വീഴുന്ന നേരം. ഞാനന്നേരം ബസ്സിലെ ജനാലയ്ക്കരികിൽ നിന്ന് തണുത്ത് വിറയ്ക്കുകയായിരുന്നു. തണുത്തുറഞ്ഞ എന്റെ കൈകാലുകൾ മരവിച്ചു പോയിരുന്നു.

ഞാൻ ഇവിടെ വിവരിച്ച് കൊണ്ട് വരുന്നത് പൂന്തോട്ടങ്ങളുടെ നഗരമായ ഊട്ടിയിലേക്ക് നടത്തിയ യാത്രയെ കുറിച്ചാണ്.

ഇന്നു വരെ കേരളം വിട്ട് പോകാത്ത എനിക്ക് ഊട്ടി വെറും സങ്കൽപലോകമായിരുന്നു. എന്നാൽ ഊട്ടിയിൽ എത്തിയത് മുതൽ അതെനിക്കൊരു സ്വപ്നലോകമായിരുന്നു.

കോടമഞ്ഞ് താഴ്ന്നിറങ്ങുന്ന കുന്നിൻ ചരിവുകൾ, ഐസ് പോലെ തണുത്ത പളുങ്കു വെള്ളം എല്ലാം കൊണ്ട് സമൃദ്ധമായ ഊട്ടിയെ ഞാൻ നിശ്ശബ്ദം വീക്ഷിച്ചു കൊണ്ടിരുന്നു.

പിന്നീടുള്ള എന്റെ ഓരോ കാൽവെപ്പുകളും പ്രകൃതി രമണീയമായ ഊട്ടിയെ ആസ്വദിക്കാനുള്ള ചുവടുകളായിരുന്നു. ഞങ്ങൾ ആദ്യം പോയത് Tea Factory യിലേക്കായിരുന്നു. എത്തിയ ഉടനെ അവിടെ നിന്ന് ഞങ്ങൾക്ക് ഒരു അസ്സൽ ഏലക്കായ ചായയും കിട്ടി. ഞാൻ ഇന്നേ വരെ കുടിച്ചിട്ടുള്ളതിൽ വെച്ച് ഏറ്റവും ഉത്തമമായിരുന്നു അത്.

തേയിലപ്പൊടി ഉൽപാദിപ്പിക്കുന്ന പ്രധാനപ്പെട്ട മൂന്ന് ഘട്ടങ്ങളും എനിക്ക് തത്സമയം എന്ന പോലെ കാണാൻ സാധിച്ചു. ഫാക്ടറിയിൽ നിന്നിറങ്ങി പിന്നെ ഞങ്ങൾ പോയത് കുതിര ലായത്തിലേക്കായിരുന്നു.

കറുപ്പും വെളുപ്പും, പുള്ളിയുള്ളതും ഇല്ലാത്തതുമായ അനേകം കുതിരകളെ ഞങ്ങൾ അവിടെ കണ്ടു. കുതിരലായത്തിന് സമീപത്ത് തന്നെയുള്ള ബോട്ട് ജെട്ടിയിൽ ഞങ്ങൾ ബോട്ട് സവാരിയും നടത്തി. 10 മിനിറ്റ് നീണ്ട് നിൽക്കുന്ന ആ യാത്ര എല്ലാവരുടെ മനസ്സിനേയും പിടിച്ച് കുലുക്കുന്നതായിരുന്നു.

കുന്നിൻ ചെരിവിലൂടെ ഇടയ്ക്ക് ചൂളം വിളിച്ചോടുന്ന തീവണ്ടിയും ഞങ്ങൾ കണ്ടു. ഊട്ടിയിലെ ഓരോ ചുവടുകളും മനസ്സിന്റെ ഭിത്തിയിൽ ആഴത്തിൽ പതിഞ്ഞു കിടന്നു. ഉദയസൂര്യൻ പോക്കുവെയിൽ ആയതും ഞങ്ങൾ അറിഞ്ഞില്ല.

ഉമ്മു സൽമ വി.
VIII A

കവിത

# പുനർജ്ജന്മം

ഞാൻ അടുക്കളപ്പെണ്ണിന്റെ കൂട്ടുകാരി
അവളുടെ വിയർപ്പും കണ്ണീരും
ഏറ്റുവാങ്ങുന്നവൾ ആണ് ഞാൻ
അവളുടെ എല്ലാ സങ്കടങ്ങളും
പറയുന്നതും എന്നോട് മാത്രം
അവൾക്ക് കേട്ട ശകാരങ്ങളും
അവൾക്ക് കൊണ്ട അടികളും
എന്റെ നെഞ്ചിൽ വെച്ചാണ്
അവൾ വീണ് കരഞ്ഞതും
തലതല്ലി  അലറിയതും
എന്റെ നെഞ്ചിൽ വെച്ചാണ്
അവൾ ഏറ്റവും അധികം സമയം
ചിലവിട്ടതും എന്നോടൊപ്പമാണ്
എന്നെ ആദ്യം തൊട്ടുണർത്തിയിരുന്നതും
രാവിൽ അവസാനമായ്
വിട പറയുന്നതും അവളാണ്
എനിയ്ക്കും അവൾക്കും ഒരേ മണമാണ്
അവളുറങ്ങാതെ ജോലി ചെയ്ത രാവുകളിൽ
ഞാനും അവൾക്കായി പുകഞ്ഞു
പക്ഷേ അവൾ ഒടുവിലത്തെ
യാത്ര പോയപ്പോൾ
അവളെ എനിയ്ക്ക് കാണിച്ചു തന്നില്ല
പകരം കണ്ടത്  അവളെ വെറുക്കുന്നവരുടെ കണ്ണീർ

# XXXXXX

ഇന്നെനിക്ക് ഒരുപാട് ശകാരങ്ങൾ കേൾക്കുന്നു
എന്റെ അടുപ്പ് കത്തുന്നില്ല പോലും
എന്റെ തറ പൊട്ടി പോലും
ഞാൻ നാശം പിടിച്ച അടുക്കളയാണത്രേ

ഹും....അതെ
ഞാനിനി കത്തില്ല
എന്റെ സ്നേഹിതയ്ക്കൊപ്പം ഞാനും ഉറങ്ങുകയാണ്
എന്നന്നേക്കുമായി
അവൾ ജീർണ്ണിച്ച പോലെ

ഞാനും ജീർണ്ണിക്കാൻ തുടങ്ങുകയാണ്
ഞാനിനി ഉണരില്ല
എന്റെ പെണ്ണിനെ പോലെ
അവളുടെ കരം കൊടുത്ത ജീവിതം

ഞാനും അവസാനിപ്പിക്കുകയാണ്....

വിട......
ഇനി ഞാൻ പുനർജനിക്കും

ദരിദ്രയായ്.....അല്ലെങ്കിൽ..... സമ്പന്നയായ്

മറ്റൊരു പെണ്ണിന്റെ കരം പിടിക്കാൻ.

അശ്വതി

XA

അനുഭവം

# മറക്കാൻ കഴിയാത്ത എന്റെ കൊച്ചു യാത്ര

സൂര്യൻ ഉദിച്ചു. പുൽനാമ്പുകളിൽ മഞ്ഞുതുള്ളികൾ മിന്നിത്തിളങ്ങുന്നു. ഒരു കൊച്ചു കാറ്റതിലെ എന്നെ തഴുകി കടന്നു പോയി. ഞങ്ങൾ ഒരു 9 മണിയോടെ വീട്ടിൽ നിന്നും യാത്ര തിരിച്ചു.

ഞങ്ങൾ ഓട്ടോറിക്ഷയിൽ കയറി. ഞാൻ അരികിൽ ആയിരുന്നു ഇരുന്നത്. ഒരു സുഗന്ധമുള്ള കാറ്റ് എന്നെ തഴുകി എവിടേക്കോ ഓടിപ്പോയി. മരങ്ങൾ എങ്ങോട്ടോ ഓടി മറയുന്നു. എത്രയെത്ര കുഞ്ഞു ചെടികൾ കാറ്റിൽ തലയാട്ടി നിന്ന് എന്നോട് പുഞ്ചിരി തൂകി.

അങ്ങനെ ഞങ്ങൾ റെയിൽവേ സ്റ്റേഷനിൽ എത്തി. ഞങ്ങൾ സ്റ്റേഷനിൽ ഇരിക്കുമ്പോൾ തീവണ്ടി പുകയും ഊതിക്കൊണ്ട് ഓടിവരുന്നു. ചെവിയുൽ തുളച്ചു കയറുന്ന ശബ്ദം. ഞാനും അനിയനും ചെവി പൊത്തി. ട്രെയിൻ നിർത്തി. ഞങ്ങൾ ട്രെയിനിൽ കയറി.

ആ ട്രെയിനിൽ എനിക്ക് അറിയാത്ത എത്രയോ പേർ ഉണ്ടായിരുന്നു. അവർ ചിരിച്ചും കളിച്ചും നിൽക്കുന്നു. ചിലർ ഞങ്ങളോട് കൊച്ചു കൊച്ചു വർത്തമാനങ്ങൾ പറഞ്ഞു. പിന്നെ പിന്നെ അവർ ഞങ്ങളുടെ കുടുംബത്തിലെ ഒരു അംഗത്തെ പോലെ പെരുമാറി.

തീവണ്ടിയിൽ ഇരിക്കുമ്പോൾ ഞങ്ങൾ ഒരു ചായക്കാരനോട് ചായ വാങ്ങിക്കുടിച്ചു. എന്തൊരു ചൂടായിരുന്നു അതിന്. അതിൽ ഏലയ്ക്ക ഇട്ടിരുന്നു. അതിന്റെ ഗന്ധം ഞാൻ ഇപ്പോഴും ഓർക്കുന്നു.

എത്ര നല്ല ചായ ആയിരുന്നു അത്. ആ ചൂടുള്ള ചായ ഞങ്ങൾ ഊതി ഊതി കുടിച്ചു. എന്റെ നാവ് പൊള്ളിപ്പോയി. ഞങ്ങൾ കാഴ്ചകൾ കണ്ടിരുന്നു. ആ കാഴ്ചകൾ ഒരിക്കലും മറക്കാൻ കഴിയില്ല.

ട്രെയിൻ കണ്ണൂരിൽ കുതിച്ചെത്തി. എനിക്ക് അപ്പോൾ അടക്കാൻ പറ്റാത്ത സന്തോഷമായിരുന്നു. സന്തോഷം കൊണ്ട് ഞാൻ തുള്ളിച്ചാടി. ഞങ്ങൾ ബസ്സിൽ കയറി. ബസ്സിൽ നല്ല തിരക്കായിരുന്നു. ബസ് നിർത്തി ഞങ്ങൾ ഇറങ്ങി. പറശ്ശിനി ചന്തയിൽ എത്തി.

എത്രയെത്ര മനോഹരമായ സാധനങ്ങൾ, വളകൾ, മാലകൾ, പലതരം കളിപ്പാട്ടങ്ങൾ...ഹായ്. അത് ഞാൻ ഇപ്പോഴും ഓർക്കുന്നു. പിന്നെ ഞങ്ങൾ അമ്പലത്തിലെ പുഴയിൽ കാൽ കഴുകി. ഹൊ...എന്തൊരു തണുപ്പായിരുന്നു. മീനുകൾ എന്റെ കാലിൽ ഇക്കിളി കൂട്ടി.

ഞങ്ങൾ അമ്പലത്തിൽ തൊഴാൻ പോയി. പ്രസാദം വാങ്ങി തൊട്ടു. ചില്ലറത്തുട്ടുകൾ ഭണ്ഡാരത്തിൽ ഇട്ടു. രണ്ടു മൂന്നു നായകൾ ഞങ്ങളുടെ അടുത്ത് വന്നു. ഞങ്ങൾ അവയെ തലോടി.പിന്നെ ഞങ്ങൾ റൂമെടുത്തു. ഉച്ചക്ക് ഞങ്ങൾ ചോറ് കഴിച്ചു. രാത്രി ഞങ്ങൾ റൂമിൽ കിടന്നുറങ്ങി.

രാവിലെ സൂര്യരശ്മികൾ എന്നെ തട്ടി ഉണർത്തി. ഞാൻ എഴുന്നേറ്റ് ചൂടുവെള്ളം കൊണ്ട് കുളിച്ച് അമ്പലത്തിൽ പോയി പ്രാർത്ഥിച്ച്, വെള്ളാട്ടം കണ്ടു.

പിന്നെ ചന്തയിൽ പോയി കുറേ സാധനങ്ങൾ വാങ്ങിച്ചു. ഉച്ചക്ക് ചോറു തിന്ന ശേഷം ഞങ്ങൾ യാത്ര തിരിച്ചു. ബസിലാണ് തിരിച്ച് വന്നത്. ആ യാത്ര എന്ത് രസകരമായിരുന്നു. എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല.

എന്റെ ഓർമ്മകളിൽ ഒരു മായാത്ത മയിൽപ്പീലിയായി ആ ഓർമ്മകൾ ഇപ്പോഴും മായാതെ നിൽക്കുന്നു. എന്ത് സുഖമായിരുന്നു ആ യാത്ര. എനിക്ക് ഇനി എങ്ങനെയാണ് ആ യാത്ര തിരിച്ച് കിട്ടുക. ഇനിയും ഇങ്ങനെ ഒരു യാത്ര എന്റെ ജീവിതത്തിൽ ഉണ്ടാകുമോ.

ഇപ്പോൾ ആരും ആരോടും മിണ്ടുന്നില്ല. ചിരിക്കുന്നില്ല. ഒരുമിച്ച് കളിക്കുന്നില്ല. ഈ കാലം എത്ര മാറിപ്പോയി.

ശിവഗംഗ കെ,ടി.
VIII A

കഥ

# ആ യാത്രയിൽ...............



നിലവിളിയുടെ കൂർത്ത ശബ്ദം തന്റെ കഴുത്ത് ഞെരിക്കുന്നതു പോലെ അയാൾക്ക തോന്നി. ഒരു പിതാവിന്റെ ഏറ്റവും വലിയ ദയനീയത മുഖത്ത് നിഴലിച്ചിരുന്നു. കണ്ണുകളിൽ രക്തം കലർന്നിരുന്നു. ചുണ്ടുകൾ മരിക്കാൻ പോകുന്ന മീനുകളെ പോലെ പിടയ്ക്കുന്നുണ്ടാ യിരുന്നു. അറിയാതെ ചെയ്തു പോയ ഒരു പാപത്തിന്റെ ഭാരത്താൽ അയാൾക്ക് നേരെ നിൽക്കാൻ കഴിഞ്ഞിരുന്നില്ല.

തൊട്ടടുത്ത് കണ്ട ഒരു ബസ്സിൽ അയാൾ കയറി. അത് എങ്ങോട്ടാണെന്നോ എവിടെ നിന്നാണെന്നോ അയാൾക്ക് അറിയില്ലായിരുന്നു. പിൻസീറ്റിലിരുന്ന അയാൾ ഒരു ഭ്രാന്തനെ പോലെ എന്തൊക്കയോ ചെയ്തു കൊണ്ടിരുന്നു. പതിയെ ആ കണ്ണുകൾ അടഞ്ഞു. മനസ്സു നിറയെ അയാളുടെ മകൾ ആയിരുന്നു.

പിറ്റേ ദിവസം അവളുടെ കല്യാണമായിരുന്നു. ആ ചിരിയായിരുന്നു, അവളുടെ സ്നേഹമായിരുന്നു, കൊഞ്ചലായിരുന്നു കുറുനരികൾ തിന്നു തീർത്ത ആ പിഞ്ചു ശരീരം. ആ ദിവസം ഒരു പേടിസ്വപ്നമായി അയാളെ ചുറ്റി വരിഞ്ഞു.

"മോഹനേട്ടാ... ഒന്നവളെ വിളിച്ച് നോക്ക്. എത്ര നേരം എന്നു വെച്ചാ ഇങ്ങനെ കാത്തു നിൽക്കുക. അവൾ നമ്മുടെ മോളല്ലേ. മണി എത്രയായീന്നാ... അവളെയൊന്ന് പോയി നോക്ക്..."

ഒറ്റ ശ്വാസത്തിലാണ് സുമിത്ര ഇതെല്ലാം പറഞ്ഞത്.

ശരിയാണ്....എല്ലാം ശരിയാണ്. അവൾ എന്റെ മകളാണ്. താനൊരു പിതാവല്ലേ......തനിക്കൊരു ഉത്തരവാദിത്വമില്ലേ... ഷൊർണ്ണൂരിൽ നിന്നുള്ള യാത്ര കഴിഞ്ഞ് ദാ...കുറച്ച് മുമ്പാണ് ഞാനിവിടെ എത്തിയത്. ഒരു ശക്തമായ മൗനം കൊണ്ട് ഞാനതിന് മറുപടി പറഞ്ഞു.

ഒരു തോർത്തും എടുത്ത് മുറ്റത്തേക്കിറങ്ങിയതും അതാ അപ്രതീക്ഷിതമായി വാസു മുന്നിൽ. എന്തിനാണെന്ന് ചോദിക്കുന്നതിന് മുമ്പേ അവനെന്റെ കയ്യിൽ പിടിച്ചു കഴിഞ്ഞിരുന്നു.

പിന്നെ എന്താണ് സംഭവിച്ചതെന്ന ഓർക്കുന്നില്ല. പട്ടണ ത്തിന്റെ ദുർഗന്ധം നിറഞ്ഞ വീഥികളിലൂടേയും, ആകാശത്തോളം ഉയർന്ന നിൽക്കുന്ന സൗധങ്ങൾക്കിടയിലൂടേയും വണ്ടി ചീറി പാഞ്ഞു.

"ഇതെന്താ... ആശുപത്രിയോ....."

ഒരു ഞെട്ടലോടെയാണ് ഞങ്ങളോരോരുത്തരും അത് കേട്ടത്.

വാസു തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു.

"മീനൂട്ടി...അവൾ....ആ...."

അത് മുഴുവനായും കേൾക്കാൻ അവർ നിന്നില്ല.

"എന്റെ മോളേ..." എന്ന വിളിച്ചു കൊണ്ട് അവർ ഹോസ്പിറ്റ ലിന് അകത്തേക്ക് പാഞ്ഞു.

ICU എന്നെഴുതിയ വാതിലിന് മുമ്പിൽ ആ ഓട്ടം അവസാ നിച്ചു. സുമിത്രയുടെ നിലവിളി അവസാനിച്ചിരുന്നില്ല. അയാളവളെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചു.

വാസുവിനോട് ഡോക്ടർ എന്തൊക്കെയോ പറയുന്നത് കണ്ടു.

"മകളെ കാണാം..."

എന്ന് മാത്രം എനിക്ക് മനസ്സിലായി. ആ തണുത്ത മുറിക്കു ള്ളിലേക്ക് ഞങ്ങൾ കയറി. പകുതി മരവിച്ച എന്റെ മകളുടെ ശരീരം .....

അവൾ എന്റെ കയ്യിൽ പിടിച്ചു. തണുത്തു വിറങ്ങലിച്ച കൈകൾ... ഒരു നിമിഷത്തേക്ക് എന്റെ സിരകളിലൂടെയുള്ള രക്തയോട്ടം നിലച്ചു. അവൾ അയാളോട് തൊണ്ടയിടറിക്കൊണ്ട് പറഞ്ഞു.

"ജനശതാബ്ദി എക്സ്പ്രസ്സിൽ....... രാത്രി..... അയാൾ....ആ ഒറ്റക്കണ്ണൻ .........പല്ല് കറ പിടിച്ച......സിഗരറ്റിന്റെ മണം...അയാൾ......അയാൾ...."

ഒരു നടുക്കത്തോടെ അയാൾ അവളുടെ പിടിയിൽ നിന്നും കുതറി മാറി ചുമരിനോട് പറ്റി നിന്നു. മകളുടെ കാലിൽ കിടന്നു കൊണ്ട് അയാൾ പറഞ്ഞു.

നീ കയറിയ ആ വണ്ടിയിൽ, ആ യാത്രയിൽ ഈ പാപി യായ ഞാനും ഉണ്ടായിരുന്നു മോളേ. നീ വീഴുന്നത് കണ്ടുകൊണ്ടി രുന്ന ഞാൻ ഒന്നും മിണ്ടാതിരുന്നു. സഹായിക്കാൻ തയ്യാറായ മറ്റുള്ളവരേയും ഞാൻ നിരുത്സാഹപ്പെടുത്തി.

കാരണം എന്റെ മനസ്സു നിറയെ നീയായിരുന്നു...നിന്റെ കല്യാണമായിരുന്നു.....

അത് നീയായിരുന്നെന്ന് ഞാനറിഞ്ഞില്ല മോളേ....

"സർ..."

ആരോ വിളിക്കുന്ന ശബ്ദം കേട്ട് അയാൾ ഉണർന്നു.

"ടിക്കറ്റ് എത്രയാ...."

അയാൾ കീശയിൽ നിന്നും പൈസയെടുത്ത് കണ്ടക്ടർക്ക് നേരേ നീട്ടി.

പരശ്ശതം പ്രതിധ്വനികളുള്ള മുഴക്കത്തിന്റെ ആഴത്തിലേക്ക് അയാൾ ആഴ്ന്നിറങ്ങുമ്പോഴും പുറത്ത് മഴ നിലച്ചിരുന്നില്ല. അപ്പോഴും അയാൾ പിറുപിറുത്തു കൊണ്ടിരിന്നു.

"അത് നീയായിരുന്നെന്ന് ഞാനറിഞ്ഞില്ല മോളേ...."

"അത് നീയായിരുന്നെന്ന് ഞാനറിഞ്ഞില്ല ..."

ഷഫിന

X E

അനുഭവം

# യാത്രകൾ...അന്നും....ഇന്നും



പണ്ടത്തെ വഴിയാത്രകൾ എത്ര സുന്ദരമായിരുന്നു. എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. കണാരേട്ടന്റെ മാങ്ങക്ക് കല്ലെറിഞ്ഞും, പരീക്ഷ കഴിഞ്ഞ് പോകുമ്പോൾ പുളി പറിച്ചും, കുസൃതികൾ കാണിച്ചും, കൂട്ടുകാരോടൊത്ത് സിപ്പപ്പ് തിന്നും, മീൻ പിടിച്ചും നടന്നിരുന്ന ആ കാലം....എന്റെ ബാല്യകാലം....

പാടവരമ്പത്ത് കൂടെ പാട്ടും പാടി ഓടി നടന്നതും, മരത്തിൽ കയറുമ്പോൾ കാലുതെറ്റി വീണതും, മുറിഞ്ഞ ഭാഗത്ത് കാട്ടപ്പയുടെ ചാറ് വെച്ചതും, എരിഞ്ഞപ്പോൾ പല്ല് കടിച്ച് പിടിച്ചതും എല്ലാം ഇന്നും ഓർമ്മയിൽ മായാതെ നിൽക്കുന്നു.


എന്നാൽ ഇന്നത്തെ യാത്ര എത്ര വിരസമാണ്. കാരണം ഇന്നത്തെ യാത്ര മുഴുവൻ വാഹനങ്ങളിലാണ്. ആരോടും മിണ്ടുകയോ ചിരിക്കുകയോ ഇല്ല. എന്തു ചെയ്യാനാണ്. ഇന്നത്തെ യാത്രകൾ എനിക്ക് തീരെ ഇഷ്ടമല്ല. വേഗതയേറിയ ഈ ലോകത്ത് എന്റെ പഴയകാല യാത്രകളുടെ ഓർമ്മകൾ അയവിറക്കാനാണെനിക്കിഷ്ടം.

നിവേദ് കൃഷ്ണ
VIII A

കവിത

# പോർക്കളം

അടുക്കളയെന്നൊരു അരങ്ങുണർന്നു
യുദ്ധത്തിൻ കൊടിയ വിലാപവുമായ്
അഗ്നിയുണർന്നു, പുകയുയർന്നു
പുതിയൊരു യുദ്ധസന്നാഹവുമായ്
അമ്മിയും കുട്ടിയും നെട്ടോട്ടമോടുന്നു
വെള്ളവും കുട്ടരും തിളച്ച് മറിയുന്നു
മിക്സിയും ഗ്രൈന്ററും വില്ലന്മാരായ്
നാടിനെയാകെ വിറപ്പിക്കുന്നു
കത്തിയും കൂട്ടരും പാപികളായ്
ജനങ്ങളെയാകെ വധിക്കുന്നു
ചൂലും മുറവും കളമൊരുക്കി
മത്സരമെന്ന യുദ്ധക്കളത്തിൽ
സ്വർണ്ണം കണയും മേളം തുടങ്ങി



ഈസീ കുക്കും കറണ്ടടുപ്പും ഓടാനായ്
ചാടാനായ് ഒരുങ്ങി നിന്നു
കുക്കറും തയ്യാറായ് വിസിൽ മുഴക്കാൻ
എല്ലാരും ഭീതിയിൽ നിൽക്കുന്നു
ഈസീ കുക്കും കറണ്ടടുപ്പും
സ്പൂണും കണയും തയ്യാറായ്
കുക്കറെന്ന റഫറി വിസിൽ മുഴക്കി
അടുക്കളയാം അരങ്ങുണർന്നു
യുദ്ധത്തിൻ കൊടിയ വിലാപവുമായ്

നേഹ ഗിരീഷ്
IX D

കഥ

# ശംഖ്

അയാൾ ചുറ്റും നോക്കി. ഇല്ല. കരുതിയത് പോലെ ആരും തന്നെ ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല. എല്ലാവരും അവരവരുടെ ജോലികളിൽ മുഴുകി ആരേയും ശ്രദ്ധിക്കാതെ ഓടുകയായിരുന്നു.

ജീവിക്കാൻ വേണ്ടി ആ നഗരത്തിലെ എല്ലാവരും ഓടുമ്പോഴും അതിൽ നിന്നെല്ലാം മാറി ഒരൊഴിഞ്ഞ സ്ഥലത്ത് അയാൾ ഇരുന്നു. വലിയ കോട്ടും അതിനേക്കാൾ വലിയ താടിയും ഉരുണ്ട കണ്ണുകളും ഉള്ള അയാൾ മെല്ലെ എഴുന്നേറ്റു നടന്നു.

കാണുമ്പോൾ ശാന്തമായ മനുഷ്യനാണെങ്കിലും എന്തൊക്കെയോ നിഗൂഢത അയാളിൽ ഒളിഞ്ഞു കിടന്നിരുന്നു. ഒന്നും അറിയാതെ ആ വലിയ കാലുകൾ മുന്നോട്ടാഞ്ഞ് അയാൾ നടക്കുകയാണ്. മനസ്സ് ശൂന്യമായിരുന്നു.

വീട്ടിലെത്തിയപ്പോൾ ആ സ്ത്രീ മുറ്റമടിക്കുകയായിരുന്നു. വെളുത്ത്, നല്ല സാരിയൊക്കെ ഉടുത്ത ആ സ്ത്രീ ഇത്തിരി ദേഷ്യത്തോടെ ചോദിച്ചു.

"ഇന്ന് എവിടെ ആയിരുന്നു. നീയിങ്ങനെ നടക്കുകയല്ലാതെ ഒന്നും എഴുതുന്നില്ലേ...."

"ഊം.... എഴുതണം...." എന്നു മാത്രം പറഞ്ഞ് അകത്തേക്ക് കയറിപ്പോയപ്പോൾ അയാൾ നിശ്ചയിച്ചു.

എഴുതണം. പക്ഷേ എങ്ങനെ? എവിടെ തുടങ്ങും?

ജീവിതത്തിൽ എന്തിനോടെങ്കിലും ഭയമുണ്ടെങ്കിൽ അത് ഒരു കഥ എഴുതി തുടങ്ങുന്നതിന് മുമ്പ് മാത്രമാണ്. എന്തു വന്നാലും വേണ്ടില്ല. എത്ര കാലമെന്ന കരുതി ഈ അമ്മയെ കഷ്ടപ്പെടുത്തും.?

പേപ്പറും പേനയും മുമ്പിൽ തന്നെയുണ്ടായിരുന്നു. പക്ഷേ അയാൾക്ക് പേടിയായിരുന്നു, ആ പേനയെ ഒന്ന നോക്കാൻ പോലും. അയാൾ വീട്ടിൽ നിന്നും ഇറങ്ങി നടന്നു... നഗരത്തിലേക്ക്....ഒരു വിഷയം കിട്ടാതെ...

ഇന്നലെയും അയാൾ ശ്രദ്ധിച്ചിരുന്നു. ഒരു പെൺകുട്ടി തന്നെ അത്ഭുതത്തോടെ നോക്കുന്നത്. അതെ... അവൾ തന്റെ അടുത്തേക്ക് തന്നെ വരികയായിരുന്നു.

"സർ..."

അയാൾ ഒന്നു ഞെട്ടി. തന്റെ ഈ രൂപം വെച്ച് ആരും തന്നെ സർ എന്നു വിളിക്കാൻ തോന്നുമായിരുന്നില്ല.

"സർ പുതിയൊരു നോവൽ എഴുതാൻ പോവുകയാണെന്നും അത് വിവർത്തനം ചെയ്യാൻ ആളെ ആവശ്യമുണ്ടെന്നും പറഞ്ഞ് ഒരു പരസ്യം.... "

"ശ്ശൊ..."

ഇതിനിടയ്ക്ക് തന്നോട് പറയാതെ പരസ്യവും കൊടുത്തോ!

അയാൾ അവളോട് ചോദിച്ചു.

"കുട്ടിയുടെ പേര്?....."

"നാദിയ..."

"കുട്ടീ... വേറെ എന്തൊക്കെ ജോലി കിടക്കുന്നു... ഇതു തന്നെ വേണോ?... എനിയ്ക്ക് ഒരു വിഷയം കിട്ടാതെ......പണ്ടത്തെ പോലെ എഴുതാനാവുന്നില്ല...."

അയാളുടെ ഗാംഭീര്യമുള്ള ആ ശബ്ദം കേട്ടപ്പോൾ അവൾ ഒന്നു ഞെട്ടി.

"സർ വീട്ടിൽ അമ്മ ഒറ്റയ്ക്കേ ഉള്ളൂ... അച്ഛന്റെ സുഹൃത്തായ മനോരമയിലെ ഒരു സബ് എഡിറ്റർ പറഞ്ഞിട്ടാണ് ഞാൻ ഇങ്ങോട്ട് വന്നത്...."

അവളുടെ വെളുത്ത മുഖം ആകപ്പാടെ ചുവന്നു തുടുത്തു. കണ്ണുകൾ നിറഞ്ഞു. അതെ അവൾ കരയുകയായിരുന്നു.

"നാദിയ...കരയാൻ വേണ്ടി പറഞ്ഞതല്ല. കുട്ടിയുടെ പ്രശ്നം എനിക്ക് മനസ്സിലാകും. തൽക്കാലം വീട്ടിലേക്ക് വരൂ..."

രണ്ട് ദിവസമായി തിരഞ്ഞ് നടന്നത് കൊണ്ടും, പിന്നെ താൻ മനസ്സിൽ കണ്ടതിനേക്കാൾ എത്രയോ വിരൂപമായ രൂപം ആയത് കൊണ്ടും അവൾ അയാളെ വല്ലാതെ പേടിച്ചിരുന്നു.

പെട്ടെന്ന് കരയുന്ന പ്രകൃതമല്ല അവളുടേത്. എന്നിട്ടും അപ്പോൾ അവളോട് കരഞ്ഞു പോയി. അതുകൊണ്ട് പേരു പോലും ചോദിക്കാതെ അവൾ അയാളുടെ പിറകെ നടന്നു.

ഇങ്ങനെ രൂപമുള്ള ഒരാൾക്ക് എങ്ങനെ ഒരു നല്ല മനസ്സ് ഉണ്ടാകും..അവിടെ എങ്ങനെ ഭാവന വരും... നടത്തത്തിനിടയിൽ അവൾ ചിന്തിച്ച് കൊണ്ടിരുന്നു. അവൾക്ക് കാൽ കഴക്കുന്നുണ്ടായിരുന്നു.

അച്ഛന്റെ സുഹൃത്തായ ശരൺ പറഞ്ഞിരുന്നു. അയാളെ കാണുമ്പോൾ നിനക്ക് ഒരുപാട് സംശയങ്ങൾ ഉണ്ടാകും. നിന്റെ സ്വഭാവം വെച്ച് നീയത് ചോദിക്കുമെന്നും അറിയാം. പക്ഷേ നാദിയാ.. നീ ചോദിക്കരുത്...

അതോർത്ത് അവൾ എല്ലാം മാറ്റി വെച്ചു. അവൾക്ക് വെറുപ്പും സങ്കടവും തോന്നി. സാരമില്ല. തന്റെ അമ്മയ്ക്ക് വേണ്ടിയല്ലേ. ഇത്തിരി കഷ്ടപ്പെടുന്നത് കൊണ്ടെന്താണ്.

വീടെത്തിയതവൾ അറിഞ്ഞില്ല. അയാൾ നേരെ വീട്ടിലേക്ക് കയറിപ്പോയി. തന്നോടൊന്ന് കയറാൻ പറഞ്ഞില്ലെന്ന ഖേദം അവൾക്കില്ലായിരുന്നു. കഴിഞ്ഞ ഒന്ന് രണ്ട മണിക്കൂറിനുള്ളിൽ അയാളുടെ പ്രകൃതം നാദിയ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

ഒടുക്കം അയാളുടെ അമ്മ വന്നു പറഞ്ഞു.

"മോളേതാ?...കയറിയിരിക്കു.....മോളെ മുഖത്തെന്താ ഒരു വല്ലായ്മ...."

അവൾ സന്തോഷത്തോടെ പറയാൻ തുടങ്ങി.

"ഞാൻ നാദിയ....കുട്ടനാട്ടിലാണ് വീട്....ഇവിടെ ഇദ്ദേഹത്തെ സഹായിക്കാൻ വന്നതാണ്...."

"ഓ.....കുട്ടിക്കെന്താ...ഇന്നേക്ക് ആറ് മാസമായി അവൻ ഒന്നും എഴുതാതെ നടക്കുന്നത്...നമുക്ക് ഭക്ഷണം കഴിക്കാം..."

ആ സ്വാദിഷ്ടമായ ഭക്ഷണം കഴിച്ചപ്പോൾ പൊടുന്നനെ അവൾക്ക് തന്റെ അമ്മയെ ഓർമ്മ വന്നു. ഇല്ല അമ്മ ഒന്നും കഴിച്ചു കാണില്ല...

"മോളേ കഴിക്കു...ഇവിടുത്തെ ഭക്ഷണമൊന്നും ഇഷ്ടമായില്ലേ... കഴിക്ക്..."

ആ ചോദ്യത്തിൽ നിന്നാണ് അവൾ ഉണർന്നത്.

"ഇല്ലമ്മേ....അതല്ല.."

"പിന്നെന്താ കുട്ടിക്ക്..."

അതു പറയാൻ തുടങ്ങുമ്പോൾ അവളോർത്തു. എന്തിനാ എന്റെ കഥയൊക്കെ ഇവരോട് പറയുന്നത്. വേണ്ട. അവൾ പതുക്കെ ഭക്ഷണം കഴിച്ചു തുടങ്ങി.

വയറു നിറയെ കഴിച്ച് കിടന്നതേ അവൾക്ക് ഓർമ്മയുള്ളൂ. പിന്നെ രാവിലെ അമ്മ വിളിച്ചപ്പോളാണ് അവൾ ഉണർന്നത്.

"അമ്മേ...നല്ല വിശപ്പ് ഉണ്ടായിരുന്നു. അതുകൊണ്ടാണ് ...."

നാദിയ ആ കുസൃതിക്കുട്ടി ഇത്ര വിനീതയാവുന്നത് ആദ്യമായാണ്. കുളിച്ചു വസ്ത്രം മാറി അയാളുടെ മുറിയിലേക്ക് അവൾ കയറിച്ചെന്നു. ഉം..ആൾക്ക് വൃത്തിയില്ലെങ്കിലും മുറിയൊക്കെ കൊള്ളാം.

"സർ...സാറിന്റെ പേരെന്താ?...."

"യാദവ്.....യാദവ് കിഷോർ..."

"അതെയോ....എഴുതിത്തുടങ്ങിയോ?......"

ശാന്തനായിരുന്ന അയാൾ പെട്ടെന്ന് അശാന്തമായ കടൽ പോലെ ആർത്തിരമ്പി.

"ദേ...ഞാൻ എനിയ്ക്ക് തോന്നുമ്പോൾ എഴുതും...ഇതൊക്കെ ചോദിക്കാൻ നീയാരാ...ഇനി എന്റെ മുറിക്കകത്ത് കയറിയാൽ..."

അവൾ ഇറങ്ങിയോടി.

എത്രയായാലും താനൊരു പെണ്ണല്ലേ. സഹിക്കുന്നതിന് ഒരു പരിധിയൊക്കെയില്ലേ...

കരഞ്ഞു...നന്നായിട്ട്..

ജീവിതത്തിൽ ഇന്നേ വരെ മനസ്സറിഞ്ഞ് ചിരിക്കുകയല്ലാതെ കരച്ചിൽ വന്നാലും കരയില്ലായിരുന്നു. എന്തു ചെയ്യാം. ജീവിതം മാറിയിരിക്കുന്നു. ഇനി കരയാത്ത ഒരു ദിവസം ഉണ്ടാകില്ല.

പെട്ടെന്ന് ഒരു ശബ്ദം. തിരിഞ്ഞ് നോക്കിയപ്പോൾ യാദവ്.

"നാദിയാ...ക്ഷമിക്കണം...ഞാനൊന്നും മനസ്സിൽ നിർത്തുകയില്ല. തോന്നിയത് പറയും...കുട്ടി വിഷമിക്കരുത്."

ഇത് പറഞ്ഞത് യാദവ് തന്നെയാണോ എന്ന് നാദിയ ചിന്തിച്ചു. അവളുടെ ഉള്ളിലപ്പോൾ വികലമായൊരു ഭാവം മാത്രം.

"യാദവ് .... താങ്കൾ എഴുതണം....ഇതു പറയാൻ എനിക്ക് എന്താണ് അവകാശം എന്നറിയില്ല...എങ്കിലും ദൈവദത്തമായി കിട്ടിയ കഴിവ് നശിപ്പിക്കരുത്.."

"കുട്ടി ഇരിക്കൂ..ഞാൻ പറയുന്നത് എഴുതൂ..."

ഒരു പേജ് എഴുതിക്കഴിഞ്ഞപ്പോൾ അവൾ പറഞ്ഞു.

"എനിക്ക് മനസ്സിലായി...നിങ്ങളുടെ ജീവിതത്തിലെ അനുഭവങ്ങൾ തന്നെ കൂട്ടിവെച്ചാൽ ഒരു നൂറു പുസ്തകങ്ങൾ എഴുതാമല്ലോ... നന്നായി ഇപ്പോഴെങ്കിലും തോന്നിയല്ലോ..."

അയാളുടെ മുഖം തെളിഞ്ഞു. നാദിയ താൻ കരുതിയത് പോലെ വിവരവും വിദ്യാഭ്യാസവും ഇല്ലാത്ത ഒരു കുട്ടിയല്ല. അവളുടെ സംസാരം... അതാണോ തന്നെ സ്വാധീനിച്ചത്.?

വിണ്ടും കുറേ എഴുതി.

"യാദവ്..നിങ്ങൾ ഒരു ശാഖ് പോലെയാണ്..അടുത്തു വന്നാൽ ഒന്നും തോന്നുകയില്ല...പക്ഷേ കാതിനോട് ചേർത്ത് പിടിച്ചാൽ പലതും കേൾക്കാം.. അതുപോലെ അനുഭവങ്ങളുടെ ഒരു കുമ്പാരമാണ് നിങ്ങളുടെ മനസ്സ്..."

മാസങ്ങളും വർഷങ്ങളും കഴിഞ്ഞു. നോവലിന്റെ അവസാന ഭാഗം എഴുതിയപ്പോഴേക്കും അയാളെ കുറിച്ച് സകലതും നാദിറ മനസ്സിലാക്കി കഴിഞ്ഞിരുന്നു.

"യാദവ്..എനിക്ക് പോകാൻ സമയമായി അല്ലേ..."

എന്തോ ഒന്ന് മനസ്സിൽ തട്ടിത്തടഞ്ഞു കൊണ്ടവൾ ചോദിച്ചു.

"ഉം.....ഇതിനുള്ള പ്രതിഫലം?..."

"എന്ത് പ്രതിഫലം... അത് ഞാൻ അങ്ങോട്ട് തരണ്ടേ... എന്നെ ജീവിതം എന്താണെന്ന് നിങ്ങൾ പഠിപ്പിച്ചു. അതിൽപരം എന്തു പ്രതിഫലം വേണം ഈ നാദിയക്ക്?..."

അവൾ ഒരു വർഷത്തിനു ശേഷം വീണ്ടും ഒന്ന് കരഞ്ഞു.

"അമ്മേ...ഞാൻ പോകുന്നു...."

"ആ...പോയി വരൂ....കുട്ടിയോട് എനിക്ക് നന്ദിയുണ്ട്. നീ വന്നതിനു ശേഷം പല മാറ്റങ്ങളും അവന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്...അതിന് നന്ദി..."

പിന്നെ ഒന്നും നോക്കാതെ അവൾ നടന്നു.

യാദവിന്റെയും നാദിയയുടേയും മനസ്സ് അശാന്തമായ കടൽ പോലെ ആർത്തിരമ്പുകയായിരുന്നു.
അതെ അനുഭവങ്ങളുടെ ആ കടലിൽ ഒരു തിരമാലയായ് വന്ന നാദിയ അവിടേയും ഇവിടേയും തട്ടിത്തടഞ്ഞ്.....

ശ്രീലയ

X E

# വിനോദയാത്ര.

സ്കൂൾ അവധിക്കാലത്തായിരുന്നു ഞാൻ ആ യാത്ര പോയത്. വയനാട്ടിലെക്കൊരു യാത്ര. ഞങ്ങൾ കുടുംബത്തോടെ യാത്ര പോകാൻ തീരുമാനിച്ചപ്പോൾ ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

ആ ദിവസമെത്തുന്നത് വരെ ഞാൻ സന്തോഷത്തോടെ കാത്തിരുന്നു. പോകുന്നതിന്റെ തലേദിവസം, കൊണ്ട് പോകേണ്ട സാധനങ്ങളെല്ലാം ബാഗിൽ എടുത്തു വെച്ചു.

അങ്ങനെ യാത്ര പോകുന്ന ദിവസം വന്നെത്തി. അന്ന് ഞാൻ പതിവിലും നേരത്തെ എഴുന്നേറ്റു. ഞങ്ങൾ ഒരു കാറിലായിരുന്നു യാത്ര പോയത്. ചുരം കയറി. ഒൻപതാം വളവിൽ ഇറങ്ങി. അവിടെ ഇറങ്ങിയപ്പോൾ കണ്ട അതിമനോഹരമായ കാഴ്ചകൾ എന്നെ സന്തോഷിപ്പിച്ചു.

കുറെ കുരങ്ങന്മാർ മരങ്ങളിൽ നിന്നും മരങ്ങളിലേക്ക് ചാടി ക്കളിക്കുന്നുണ്ടായിരുന്നു. പിന്നെ ഞാൻ കൂടുതലും കണ്ടത് മനോഹരമായ തേയിലത്തോട്ടങ്ങളായിരുന്നു. തേയില പറിക്കാൻ വരുന്ന ഒരുപാട് സ്ത്രീകളെയും കണ്ടു.

ചെറു ചെറു വൃക്ഷങ്ങളും പലനിറത്തിലുള്ള പൂക്കളും ഞാൻ കണ്ടു. പിന്നെ ഞങ്ങൾ ഉച്ച ഭക്ഷണം കഴിച്ചു. ഉച്ച ഭക്ഷണത്തിനു ശേഷം ഞങ്ങൾ പൂക്കോട് തടാകത്തിൽ ബോട്ട് റൈഡിനു പോയി. ബോട്ടിൽ ഇരുന്നു കണ്ട കാഴ്ചകൾ എല്ലാം നേരത്തെ കണ്ടതിനേക്കാൾ അതിമനോഹരമായിരുന്നു.

കണ്ടൽ ചെടികളാണ് കൂടുതലായും അവിടെ കണ്ടത്. പിന്നെ ധാരാളം പുഷ്പങ്ങളും കണ്ടു. പിന്നീട് ഞങ്ങൾ എടക്കൽ കോട്ടയിൽ പോയി. കോട്ടയുടെ മുകളിൽ കയറിയെത്താൻ ഞങ്ങൾ കുറെ ബുദ്ധിമുട്ടി.

കോട്ടയുടെ ഉള്ളിൽ എത്തിയപോൾ ഞാൻ വളരെയധികം ഭയന്നു. കോട്ടയുടെ മുകളിൽ നിന്ന് താഴേക്ക് നോക്കിയപ്പോൾ എല്ലാത്തിനെയും ചെറുതായി കാണപ്പെട്ടു.

രണ്ടു ദിവസം മാമന്റെ ക്വാട്ടേഴ്സിൽ താമസിച്ച ശേഷം ഞങ്ങൾ വീട്ടിലേക്ക് തിരിച്ചു. തിരിച്ചു വരാൻ എനിയ്ക്ക് തോന്നിയതേയില്ല. ഇനിയും ഇങ്ങനെ ഒരു യാത്ര പോകാൻ ഞാൻ കാത്തിരിക്കുകയാണ്.

ഗംഗേയ എൻ.കെ.
VIII F

വായനാക്കുറിപ്പ്

# പറയി പെറ്റ പന്തിരുകുലം

തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പകർന്ന് പകർന്ന് മലയാളികളുടെ മനസ്സിൽ സവിശേഷസ്ഥാനം നേടിയ ഐതിഹ്യപ്പെരുമയാണ് പറയി പെറ്റ പന്തിരുകുലം.

കാലാതീതമായ ഹരിതശോഭയോടെ നിലനിൽക്കുന്ന ആ ഐതിഹ്യമാണ് ചരിത്രവും ഭാവനയും ഒത്തിണക്കി മലയാളത്തിലെ യുവ എഴുത്തുകാരൻ ശ്രീ രാജേഷ് കൈതപ്രം ഒരു സംഭവപരമ്പരയുടെ രൂപത്തിൽ ഈ കൃതിയിലൂടെ പുനരാഖ്യാനം ചെയ്യുന്നത്.

ജനിച്ച കുലത്തിന്റെ മഹിമ കൊണ്ടല്ല, അനുഷ്ഠിക്കുന്ന കർമ്മങ്ങൾ കൊണ്ടാണ് അമരത്വത്തെ പ്രാപിക്കേണ്ടതെന്ന ശാശ്വതസത്യം മലയാളി മനസ്സിലാക്കിയത് പന്തിരുകുലത്തിന്റെ കഥകളിലൂടെയാണ്.

പണ്ഡിതശ്രേഷ്ഠനായ ബ്രഹ്മണൻ വരരുചിയും പറയ സമുദായത്തിൽ പിറന്ന പഞ്ചമിയും ദേശാന്തരങ്ങളിലൂടെ നടത്തുന്ന യാത്ര. ആ സഞ്ചാരത്തിനിടയ്ക്ക് ജനിക്കുന്ന പന്ത്രണ്ട് മക്കളും "വായുള്ള പിള്ളക്ക് ഇരയും കൽപ്പിച്ചിരിക്കുന്നു" എന്ന തൊട്ട ന്യായത്തിൽ ഉപേക്ഷിക്കപ്പെടുന്നു.

വിവിധ ഇടങ്ങളിൽ ജനിച്ച് വിഭിന്നജാതികളിൽ വളർന്ന് വ്യത്യസ്ത തൊഴിൽ മേഖലകളിൽ പ്രാവീണ്യം നേടിയ അഗ്നി ഹോത്രി മുതൽ പാക്കനാർ വരെ നീളുന്ന ആ സഹോദരകുല ത്തിന്റെ അവസാനമില്ലാത്ത ദിവ്യത്വങ്ങളും അത്ഭുതകർമ്മങ്ങളു മാണ് ഈ ചരിത്രത്തിലൂടെ മലയാളക്കര മുഴുവൻ നിറഞ്ഞു നിൽക്കുന്നത്.

നജഫാത്തിമ
IX E

കഥ

# സ്നേഹസ്പർശം



അവൾ ഓർമ്മകളിലേക്ക് ഒരു തിരിഞ്ഞു നോട്ടം നടത്തി. തന്റെ ഈ മുപ്പത് വയസ്സിനുള്ളിൽ തനിക്കുണ്ടായ അനുഭവങ്ങൾ ഒരു മിന്നായം പോലെ അവളിൽ കണ്ടു.

ട്രെയിനിലെ ജനലിന്റെ പുറത്തെ പുറംലോകം നോക്കുന്ന മട്ടിൽ അവൾക്കെന്തൊക്കെയോ തോന്നി. ഇടയ്ക്ക് ട്രെയിൻ ശബ്ദം അലോസരപ്പെടുത്തി. അവളെ പ്രതീക്ഷിച്ച് ഒരു പയ്യൻ മുമ്പിൽ നിന്ന്

"അമ്മാ ഉങ്കൾക്ക് കടല വേണമാ.... വെറും അയിൻത് രൂപാ.. വയറ്റിപ്പിഴപ്പമ്മാ... "

ആ കുഞ്ഞിന്റെ നിസ്സഹായ മുഖം കണ്ടിട്ടാവാം അവൾ പത്തു രൂപ കൊടുത്തു.അവൻ കടലവച്ചു നീട്ടിയപ്പോൾ വാങ്ങിയില്ല.

അവൾ വീണ്ടും ഓർമ്മകളിലേക്ക് വീണ്ടും മുഴുകി.

സമ്പന്ന കുടുംബത്തിൽ ജനിച്ച അച്ഛന് പിറന്ന മകൾ. വീട്ടിലെ ഏക പുത്രി. തറവാട്ട വീട്ടിൽ അഢംബരപൂർവം ജീവിച്ചു. ഒടുക്കം അവളുടെ അച്ഛനെ ചതിച്ച് സ്വത്ത് തട്ടിയെടുത്തു.

ആദ്യം ഒരു വീട് വാങ്ങിയിരുന്നു. ആ വീട്ടിലെ ഇളയവന് തറവാട് കൊടുത്തപ്പോൾ അവർ ഒന്നും നോക്കാതെ ഇറക്കി വിട്ടു. പിന്നെ അവിടെ നിന്നില്ല. അച്ചന് പണ്ടത്തെ പ്രതാപമില്ലാത്തതു കൊണ്ടായിരിക്കാം മനോനില തെറ്റി കൂടപ്പിറപ്പുകളെ പഴിക്കുന്നു.

ഗ്രഹനാഥയായ അമ്മ രാപ്പകൽ വീട്ടുജോലി ചെയ്ത് അവളെ വളർത്തി. പല അപമാനവും പരിഹാസവും അവൾ സഹിച്ചു. അമ്മയ്ക്ക് വാശിയായിരുന്നു, ഞാൻ ജയിക്കണമെന്ന്.

അതിനിടെ അച്ഛൻ യാത്രയായി. രണ്ടു സ്ത്രീകൾ താമസിക്കുന്ന വീട്ടിൽ പലരും വന്ന് ശല്യപ്പെടുത്തിയിട്ടും വെട്ടുകത്തിയും തലയണയുടെ താഴെ വെച്ച് അമ്മ കാവലിരുന്നു. എന്റെ ജീവിതം അമ്മയിലൂടെ ഇഴഞ്ഞു നീങ്ങി.

ഒടുവിൽ ആ ദേഹത്ത് വ്രണങ്ങൾ വർദ്ധിച്ചപ്പോൾ അമ്മ എന്നിൽ നിന്നും യാത്രയായി. പിന്നീട് ഞാൻ ഓർഫനേജിലായിരുന്നു. അവിടെ എനിക്ക് തുണ സിസ്റ്റർമാ രായിരുന്നു. അവർ എന്നും എനിക്ക് ആത്മവിശ്വാസം നൽകി.

ഞാൻ ശാസ്ത്രവിഷയങ്ങളിൽ മികവുകാട്ടി. അതിനിടയിൽ IIT ൽ പഠിച്ചിറങ്ങി. ISRO എന്നെ ഏറ്റെടുത്തു. ഈ സന്തോഷവുമായി സിസ്റ്ററമ്മയെ കാണാൻ പോയി. അപ്പോഴേക്കും അവർ യാത്രയായിരുന്നു.

ഇന്ന് ഞാൻ ജീവിക്കുന്നു. ഒരു ജോലിയിൽ, ചില മക്കൾക്ക് സഹായഹസ്തവുമായി. അവർക്കൊരു തണലായ്....................

അമാന ഫാത്തിമ

IX D

# ചെന്നൈയിലെക്കൊരു യാത്ര.

2018 ഏപ്രിൽ 20 മുതൽ മേയ് 5 വരെ ചെന്നൈയുടെ വിവിധ ഭാഗങ്ങളിൽ ഞങ്ങൾ നടത്തിയ യാത്രയുടെ വിവരണമാണിത്.

20 ആം തിയ്യതി രാവിലെ 10 മണിക്കുള്ള ട്രെയിനിലാണ് ഞങ്ങൾ ചെന്നൈയിലേക്ക് പോയത്. കൊയിലാണ്ടിയിൽ നിന്ന് ഞങ്ങൾ ട്രെയിൻ കയറി. കുടുംബാംഗങ്ങളോടൊപ്പമുള്ള യാത്രയായിരുന്നു. വളരെ നല്ല യാത്ര. അവിടെയുള്ള എന്റെ മൂത്തമ്മയുടെ ഗൃഹപ്രവേശമായിരുന്നു.



ഞങ്ങൾ കുടുംബസമേതം ചെന്നൈയിലെത്തി. റെയിൽ വേസ്റ്റേഷനിൽ നിന്നും ഞങ്ങളെ കൂട്ടിക്കൊണ്ടു പോകാൻ അവർ കാർ അയച്ചിരുന്നു. അതിൽ കയറി ആ വീട്ടിലെത്തി.

അന്ന് അവിടെ താമസിച്ചു. അടുത്ത ദിവസം ആയിരുന്നു ഗൃഹ പ്രവേശം. അടുത്ത ദിവസം എത്തി. ഞങ്ങൾ ആ വീട് അലങ്കരിച്ചു. അവിടെയുള്ള ആളുകൾ കോലം വരച്ചു. അവിടെയൊക്ക റിബൺ മുറിച്ചാണ് ആഘോഷിക്കാറ്. അവിടുത്തെ പ്രസിഡണ്ട് ആണ് റിബൺ മുറിച്ചത്.

പിറ്റേ ദിവസം മുതൽ ആ വീട്ടിലെ ആളുകൾ ഞങ്ങളെ വിവിധ സ്ഥലങ്ങൾ കാണിക്കാൻ കൊണ്ട് പോയി. ആദ്യ മായി ഞങ്ങൾ പോയത് ഒരു പുരാവസ്തു കേന്ദ്രത്തിലായിരുന്നു. അവിടെ രാജാവിന്റെ വാളും കിരീടവും എല്ലാം ഉണ്ടായിരുന്നു. വജ്രങ്ങൾ പിടിപ്പിച്ച കിരീടമായിരുന്നു അത്. പിന്നീട് ഞങ്ങൾ ബീച്ചിൽ പോയി കുറേ കളിച്ചു.

പണ്ടത്തെ കെട്ടിടങ്ങളും ലിപികളും ഉള്ള ഒരു സ്ഥല ത്താണ് പിന്നെ ഞങ്ങൾ പോയത്. അവിടെ നിന്നും ഞങ്ങൾ വൈറ്റ് ഹൗസ് എന്ന സ്ഥലത്തേക്ക് പോയി. വീണ്ടും മറ്റൊരു ബീച്ചിൽ പോയി. അവിടെ കുതിരകൾ ഉണ്ടായിരുന്നു. അതിന്റെ പുറത്ത് കയറി ബീച്ച് ചുറ്റിക്കറങ്ങി.

രാത്രിയായിരുന്നു അവിടെ നിന്ന് തിരിച്ച് പോന്നത്. തിരമാലകൾ അടിക്കുമ്പോൾ ഞങ്ങൾ ദൂരേക്ക് തെറിച്ച് പോയിരുന്നു. അത് എനിയ്ക്ക് മറക്കാനാവാത്ത ഒരു അനുഭവ മാണ്. ഞങ്ങൾ ബസ്സിൽ കയറുമ്പോൾ ചെരിപ്പിൽ നിറയെ പൂഴിയായിരുന്നു.

പിറ്റേന്ന് ഞങ്ങൾ റെയിൽവേ സ്റ്റേഷനിൽ നിന്നും ട്രെയിൻ കയറി നാട്ടിലേക്ക് തിരിച്ചു. ട്രെയിനിൽ നിന്നും മലമുകളിലെ സ്ഥലങ്ങളും സൺസെറ്റും കണ്ടു. എനിക്ക് ഒരിക്കലും മറക്കാനാവാത്ത ഒരു യാത്രയായിരുന്നു അത്.

മിഥുൻ കൃഷ്ണ യു.എം
VIII D

ഉപന്യാസം

# പ്രളയം പഠിപ്പിച്ചത്

2018 ആഗസ്റ്റ് 15,16,17.......

ഈ ദിവസങ്ങൾ കേരളീയർ ഒരിക്കലും മറക്കില്ല. 1924 ന് ശേഷം ഇന്ത്യ തന്നെ കണ്ട മഹാപ്രളയം....മലയാളമണ്ണ് ഇപ്പോഴും ആ പ്രളയ സ്മരണ ഓർക്കുന്നു. അതിന്റെ നാമാവശേഷിപ്പുകൾ ഇനിയും തീർന്നിട്ടില്ല. ഈ പ്രളയം മലയാളികളെ ശരിക്കും ഒരു പാഠം തന്നെ പഠിപ്പിച്ചു. ഓരോ മലയാളിക്കും ഒരഹങ്കാരമുണ്ടായിരുന്നു. ഞങ്ങളെ ഒന്നും തൊടില്ലെന്ന്.ആ വചനങ്ങൾ മാറ്റിപ്പൊളിച്ച് പ്രതീക്ഷിക്കാതെ തന്നെ ആ അതിഥി വന്നെത്തി.

തെക്കൻ കേരളത്തെയായിരുന്നു പ്രധാനമായും പ്രളയം വിഴുങ്ങിയത്. വികസനം മാത്രം എന്ന ലക്ഷ്യത്തോടെ കുതി ച്ചോടുന്ന സർക്കാറും സ്വാർത്ഥത കൊണ്ട് പലതും വെട്ടിപ്പിടിക്കാൻ ശ്രമിക്കുന്നതിന് അന്നത്തിനായി ജോലി ചെയ്തു പോയവരും ഇങ്ങനെയൊന്ന് വരുമെന്ന് അറിഞ്ഞിരു ന്നില്ല.

ആദ്യദിനങ്ങൾ മഴ പെയ്തൊടി. എന്നാൽ ഇതൊരു പ്രളയ മാകുമെന്നും, ചില മനുഷ്യക്കുരുതികൾ സൃഷ്ടിക്കുമെന്നും ആരും അറിഞ്ഞിരുന്നില്ല. വെള്ളം താങ്ങാനാകാതെ ഡാമുകൾ തുറന്നു.

മറ്റാർക്കും കയറാൻ പറ്റില്ലെന്ന് അഹങ്കാരത്തോടെ വിചാരിച്ച് മനുഷ്യൻ ഗേറ്റുകൾ പണിതു. അതിൽ കൂർത്ത കമ്പികളും കുന്തവും കെട്ടി.

തന്റെ അനുവാദമില്ലാതെ തന്റെ പരിധിയിൽ ആരും കടക്കേണ്ട എന്ന സ്വാർത്ഥമോഹത്തിൽ ക്രൂറൻ മതിലുകൾ പണിതു. അത് ഇത്ര വലിയ വിനയാവുമെന്ന് അറിഞ്ഞില്ല.

ഏകദേശം ആഗസ്റ്റ് 15, 16 ന് മഴ തകർത്താടി. 11 ജില്ലകളിൽ റെഡ് അലേർട്ട് പ്രഖ്യാപിച്ചു. പല വീടുകളും വെള്ളം വിഴുങ്ങി. മതിലുകളും ഗേറ്റുകളും ഉള്ള വീട്ടിൽ ഞാൻ കയറില്ലെന്ന് മഴ പറഞ്ഞിട്ടില്ലായിരുന്നു. കലിയോടെ അത് കയറി. ചളി കയറ്റി.

തന്നോട് ചെയ്ത ക്രൂരതകൾക്കൊക്കെ പ്രതികാരം ചെയ്യും എന്ന് ശപഥം ചെയ്ത് വന്നത് പോലെ. ഞങ്ങളെ രക്ഷിക്കു എന്ന് കേണ് ഒരുപാട് പേർ കരഞ്ഞു. രക്ഷാപ്രവർത്തകർ പലയിടങ്ങളിൽ നിന്നും പാഞ്ഞെത്തി. പല സ്കൂളുകളും ദുരിതാശ്വാസ ക്യാമ്പായി.

അവിടെതിളങ്ങിയത് നമ്മൾ ഇതുവരെ വിലകുറച്ച് കണ്ട, ചാകരയും മീനും കടലും കണ്ട മത്സ്യത്തൊഴിലാളികളായിരുന്നു. അന്യജീവനുകളെ രക്ഷിക്കാൻ അവർ പാഞ്ഞെത്തി. വലിയവനും ചെറിയവനും എന്നില്ലാതെ, ഹിന്ദുവും മുസ്‌ലിമും ക്രിസ്ത്യനും എന്നില്ലാതെ എല്ലാവരുടേയും വീടുകൾ വെള്ളം വിഴുങ്ങി.

കലാഭവൻ മണിയുടെ ചാലക്കുടിയും കുട്ടനാടും തുടങ്ങി പല പ്രധാന സ്ഥലങ്ങളും വെള്ളത്തിൽ മുങ്ങി. ജാതിമത ഭേദമന്യേ അവർ ദുരിതാശ്വാസ ക്യാമ്പിന്റെ മൂലയിൽ പായ നിവർത്തി, പെട്ടെന്നൊരു നാൾ അഭയാർത്ഥികളായ് അവർ ഉറങ്ങി.

വീട്ടിലെ മുന്തിയ എസിയോ, ഫാനോ, കൂളറോ, മെത്തയോ ഇല്ലാതെ, അതൊന്നും വേണ്ട സ്വന്തം ജീവൻ മാത്രം മതി എന്നു കരുതി അവർ എല്ലാം ഒരേ പായയിൽ ഉറങ്ങി. ഒരേ പാത്രത്തിൽ ഉണ്ടു. കൂടെ ഉള്ളവർ പണക്കാരനാ ണെന്നോ പാവപ്പെട്ടവനാണെന്നോ അവർ നോക്കിയില്ല. പ്രളയമെന്ന കൊലയാളിയുടെ കയ്യിൽ നിന്നും രക്ഷപ്പെട്ടതിൽ അവർ ആശ്വാസം കൊണ്ടു.

മതങ്ങളുടെ പേരിൽ തല്ലു കൂടുന്ന ജനത അവിടെ ഒന്നു പകച്ചു. ആരാധനാലയങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളായി. ഹിന്ദുവും മുസ്‌ലിമും കൃസ്ത്യനും എല്ലാം ഒന്നിച്ചുറങ്ങി.

പിന്നീടങ്ങോട്ട് അതിജീവനത്തിന്റെ നാളുകളായി. കരകയറാനും കരകയറ്റാനും ശ്രമിച്ചു. പലരും കരുണയുടെ കൈകളും ചിരിക്കുന്ന മുഖവുമായ് സഹായഹസ്തം നീട്ടി. അതിവരെ വികസനത്താളുകൾ കുറിച്ച കേരളം പ്രളയത്തിൽ നാമാവശേഷമായി.

ഓണക്കോടികളും ഓണസദ്യയും ദുരിതാശാവാസ ക്യാമ്പുകളിൽ ചുരുങ്ങി.അഹങ്കാരത്താൽ, ചുറ്റിലുമുള്ളവർ സഹായവുമായി വന്നാൽ തിരിഞ്ഞുനോക്കാത്തവരാണ് നാം. അതിനുള്ള തിരിച്ചടിയായി ദൈവം തന്ന മറുപടിയാണ് തീർച്ചയായും ഈ പ്രളയം.

വീടുകൾക്കു ചുറ്റും വലിയ വേലികൾ കെട്ടി നമ്മൾ ജീവിച്ചു. ഒരു നാൾ പ്രളയം വരുമെന്ന് നമ്മൾ കരുതിയില്ല. ദുരന്തമുഖത്തു നിന്ന് ആളുകളെ രക്ഷിക്കാനായി ലൈഫ് ബോട്ടുകൾ വന്നപ്പോൾ ഈ മതിലുകൾ അതിനൊരു തടസ്സമായി.

ഒന്നുമില്ലാത്തവരുടെ വീടുകൾ തന്നെയാണ് അധികവും നഷ്ടപ്പെട്ടത്. അവരുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും പ്രളയം തുടച്ചു മാറ്റി. ഈ പ്രളയം കൊണ്ട് നാം എന്തൊക്കെയോ പഠിച്ചു എന്ന് തോന്നുന്നു. നമുക്ക് കര കയറാം, മനസ്സിലാക്കാം, പുതിയ കേരളം കെട്ടിപ്പടുക്കാം. ചില തേങ്ങലുകൾ എങ്ങനെ മാറ്റാനാകും എന്നറിയില്ല. പുതിയൊരു തുടക്കം നമുക്ക് സൃഷ്ടിക്കാം.

നവ്യാ ദാസ്
IX E

കവിത

# ഇര

ആയിരം  കൈകളാൽ എന്നെ പിച്ചിച്ചീന്തിയവർ
അവരെന്നെ പ്രലോഭിപ്പിച്ചെന്റെ
കുഞ്ഞുമേനി കടിച്ചെടുത്തു
തെരുവിലെ നായ്ക്കൾ എല്ലിനായി
കലഹം കൂട്ടുംപോൽ
മാറി  മാറി എന്റെ  മേനി  തുടച്ചവർ
ഒടുവിൽ ഒരോടയിൽ  ഒഴുക്കി കളഞ്ഞവർ
പിറ്റേന്ന് ആരോ കണ്ട്  നിലവിളിച്ചു
പിന്നെ പലരുടെയും  സഹതാപവാക്കുകൾ
ചുറ്റും  ഈച്ചകൾ  എൻ  വ്രണങ്ങൾക്കുമേൽ
ഒടുവിലെന്നെ  കുഴിയിലാക്കി
തീർന്നില്ല,
പത്രങ്ങൾ അച്ചടിച്ചു
ബാലിക  പീഢിപ്പിക്കപ്പെട്ടു
സമൂഹത്തിനായൊരു  പുതിയ  ഇര
ആ കറുത്ത  കൈകൾ ഉറക്കെ  ചിരിച്ചു
ഇനിയുള്ള  പെൺമക്കൾക്കാരുണ്ട് തുണയായി
നീതിക്കായി  ആരും ശബ്ദിച്ചില്ല
ആ  കറുത്ത പല്ലുകളുടെ കറ  അവളുടെ
മേനിയിൽ  പറ്റിയിരുന്നു

**അമാന**

**IX D**

അനുഭവം

# ഒരു അവധിക്കാല യാത്ര

ഇക്കഴിഞ്ഞ അവധിക്ക് ഞാൻ യാത്ര പോയത് അക്ഷര നഗരിയായ കോട്ടയം ജില്ലയിലേക്കാണ്. എന്റെ അച്ഛൻ അവിടെ ആണ് ജോലി ചെയ്യുന്നത്. സ്കൂൾ അവധിയായിരിക്കുമ്പോൾ എല്ലാം ഞാൻ അവിടെ പോകാറുണ്ട്.

തീവണ്ടിയിൽ ആണ് എപ്പോഴും പോകാറുള്ളത്. അപ്പോൾ പല പല സ്ഥലങ്ങളും പല പല ആളുകളെയും കാണാം. അവരെയൊക്കെ പരിചയപ്പെടാറും ഉണ്ട്.

തീവണ്ടിയിൽ പോകുമ്പോൾ ഭാരതപ്പുഴ കാണാം. ചില സമയങ്ങളിൽ തീരെ മെലിഞ്ഞ് ഒഴുകുന്ന പുഴ മഴ പെയ്താൽ പെട്ടെന്ന് നിറഞ്ഞു കവിഞ്ഞ് ഒഴുകുന്നു. അതൊക്കെ ഒരു അത്ഭുത കാഴ്ചയാണ്.

ഞങ്ങൾ താമസിക്കുന്നതിനു അടുത്തൊരു ആറുണ്ട്. മീനച്ചിലാർ. മഴ പെയ്താൽ അതിൽ പെട്ടെന്ന് വെള്ളം പൊങ്ങും. ഞങ്ങൾ പോകുന്ന വഴിയിൽ എല്ലാം വെള്ളം പൊങ്ങും.

അവിടെ അധിക വീട്ടിലും തോണി ഉണ്ട്. മഴക്കാലത്ത് വെള്ളം പൊങ്ങുമ്പോൾ അവർ തോണിയിൽ ആണ് പുറത്തേക്ക് പോകുക. ചിലപ്പോൾ അച്ഛന്റെ കൂടെ ജോലി സ്ഥലത്തേക്ക് ഞാനും പോകാറുണ്ട്. അപ്പോൾ പത്രങ്ങൾ അച്ചടിക്കുന്ന അച്ചടിശാലകൾ കാണാറുണ്ട്.

കോട്ടയത്തേക്ക് പോകാൻ എനിക്ക് വളരെ ഇഷ്ടമാണ്. കാരണം അവിടെ എല്ലാ കാഴ്ചകളും കണ്ണിനു കുളിർമ ഉള്ളതാണ്. നിറയെ നെൽപ്പാടങ്ങൾ,കപ്പ കൃഷികൾ, റബ്ബർ,ചേന, ചേമ്പ് എന്ന് വേണ്ട എല്ലാ കൃഷികളും അവിടെ ഉണ്ട്.

എല്ലാവരും നല്ല കൃഷിക്കാർ ആണ്. ഓരോ വീട്ടിലും അവർക്ക് വേണ്ട സാധനങ്ങൾ അവർ തന്നെ കൃഷി ചെയ്തു ഉണ്ടാക്കും.

അവിടെ പോയപ്പോൾ എനിക്ക് ആകെ നാണക്കേട് തോന്നിയത് നമ്മുടെ സംസാര ഭാഷ ആണ്. അവിടെ എല്ലാവരും അച്ചടി ഭാഷയിൽ ആണ് സംസാരിക്കുക. ഞാൻ സംസാരിക്കുമ്പോൾ എല്ലാവരും കൗതകത്തോടെ നോക്കി ചിരിക്കാറുണ്ട്.

അവർക്ക് കോഴിക്കോട്ടുകാരെ വലിയ ഇഷ്ടമാണ്. നമ്മുടെ നാട്ടിലെ പോലെ അവിടെ നല്ല മീൻകറി കിട്ടില്ല. അവിടെ എല്ലാരും കപ്പയും ചക്കയും ഒക്കെ ആണ് കഴിക്കാറ്. എണ്ണപ്പലഹാരങ്ങൾ അധികം കഴിക്കാറില്ല.

അവിടെ അധികവും ക്രിസ്ത്യാനികൾ ആണ് ഉള്ളത്. കുറേ ക്രിസ്തീയ ആരാധനാലയങ്ങളും കാണാം. അവിടുന്ന് കുട്ടനാട്ടിലേക്ക് പോകാൻ എളുപ്പമാണ്. ഒരു ദിവസം ഞങ്ങൾ അവിടെ പോയിരുന്നു. കുട്ടനാട് അതിമനോഹരമായ സ്ഥലമാണ്. ഞങ്ങൾ അവിടെ ജലമാർഗ്ഗം ചുറ്റിക്കറങ്ങി കണ്ടു. നല്ല കരിമീൻ ഒക്കെ കഴിച്ചു തിരിച്ചു വന്നു.

രണ്ടു മാസം കഴിഞ്ഞു ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു വരാൻ തുടങ്ങിയപ്പോൾ നാട്ടിൽ നിപ എന്ന വൈറസ് പനി ആയിരുന്നു. അതുകൊണ്ട് വിദ്യാലയങ്ങൾ ഇപ്പോൾ തുറക്കുന്നില്ല എന്ന് അറിഞ്ഞു. നാട്ടിൽ നിന്ന് എല്ലാവരും ഞങ്ങളോട പറഞ്ഞു അവിടേക്ക് ഇപ്പോൾ തിരിച്ചു വരേണ്ട എന്ന്. അതുകൊണ്ട് കുറച്ച് ദിവസം കൂടി അവിടെ താമസിച്ചു.

അങ്ങനെ കുറച്ചു ദിവസങ്ങൾ കൂടി കഴിഞ്ഞപ്പോൾ ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു വന്നു. എന്നാലുമവിടെ നിൽക്കുമ്പോൾ, നാട്ടിലെ കാര്യങ്ങൾ അറിയുമ്പോൾ നല്ല വിഷമം ആയിരുന്നു. നമ്മുടെ മാലാഖയായ ലിനിചേച്ചി മരിച്ചതറിഞ്ഞപ്പോൾ ഒരു പാട് വിഷമം തോന്നി.

ഈ യാത്രയുടെ സന്തോഷത്തിലും ലിനിചേച്ചി ഒരു നൊമ്പരമായി മനസ്സിൽ ഉണ്ടായിരുന്നു. എൻറെ അച്ഛനും അമ്മയും അടുത്തുള്ളപ്പോൾ ഞാൻ ആലോചിച്ചത് ലിനിചേച്ചിയുടെ മക്കൾക്ക് അമ്മയില്ലല്ലോ എന്നാണു. അത് എൻറെ മനസ്സിനെ ഒരുപാട് വേദനിപ്പിച്ചു.

ആ മക്കൾക്ക ദൈവം ഒരുപാട് അനുഗ്രഹങ്ങൾ കൊടുക്കട്ടെ. അവർക്ക് നല്ലത് വരട്ടെ. ലിനിചേച്ചിയുടെ ആത്മാവിനു നിത്യശാന്തി ലഭിക്കട്ടെ. അന്ന് ജീവൻ വെടിഞ്ഞ എല്ലാവർക്കും നിത്യശാന്തി ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.


എവിടെയൊക്കെ പോയാലും നമ്മുടെ നാടിന്റെ ആ ഗ്രാമീണഭംഗിയും മനോഹാരിതയും എവിടെയും കിട്ടില്ല. ശുദ്ധമായ വായുവും, വെള്ളവും പരസ്പരം മതം നോക്കാതെയുള്ള സ്നേഹവും നമ്മുടെ നാടിന്റെ പ്രത്യേകതയാണ്.

ഷാരോൺ.എസ്.രാജ്.
VIII E

കഥ

# അശാന്തമായ കടൽ മനസ്സിൽ ഇരമ്പുന്നുണ്ടായിരുന്നു

ശാന്തമായ ആ കടലിലേക്ക് വീഴുന്ന തീപാളിയായി തിരമാലകൾ വന്നുകൊണ്ടിരുന്നു. കടലമ്മയ്ക്ക് വിശപ്പകറ്റാ നുള്ള ആത്മാവിനു വേണ്ടി ആ തിരമാലകളിൽ ഓരോന്നും വളരെ പ്രയാസപ്പെട്ടു. ആ കാഴ്ച അവളിൽ വല്ലാത്തൊരു അനുഭൂതി നിറച്ചു.



തന്റെ മനസ്സിനെയും അവൾ ആ കടലിൻറെ മനസ്സുമായി താരതമ്യപ്പെടുത്തി.

ശാന്തമായി നിൽക്കുന്ന അവളുടെ മനസ്സിനെ മറ്റാരോ വന്ന് അശാന്തമാക്കുന്നതു പോലെ കടലിനെ തിരമാല വന്ന് അശാന്തമാക്കുന്നു.

അവൾ എല്ലാ ദിവസവും അവിടെ വരാൻ തുടങ്ങി. കടലിന്റെ വ്യത്യസ്ത സ്വഭാവങ്ങൾ തൊട്ടറിയാൻ, അത് തന്നിലേക്ക് പകരാൻ. കടലിന്റെ അടുത്തുള്ള ആ ശക്തമായ കാറ്റും അവളെ സന്തോഷിപ്പിച്ചു. ചിറകുകൾ തളർന്നുപോയ പക്ഷിയെ പോലെ അവൾ കാറ്റിലേക്ക് നോക്കി.

തനിക്ക് മാത്രം പറക്കാൻ പറ്റുന്നില്ല എന്ന വിഷമത്തോടെ അവളുടെ സ്വഭാവത്തെ കടൽ മാറ്റിക്കളഞ്ഞു. അവർ അടുത്ത കൂട്ടുകാരായത് പോലെ അവൾക്ക് അനുഭവപ്പെട്ടു.

ഒരിക്കൽ അവൾ ആ കടലിനെ നോക്കിയിട്ട് പറഞ്ഞു. ഞാനിപ്പോൾ നിന്റെ അടുത്ത കൂട്ടുകാരിയായി മാറിയിരിക്കുകയാ, എനിക്ക് ഇനി ഒരാഗ്രഹം കൂടിയുണ്ട്.

അത് എന്താണെന്ന് നീ ഈ തിരമാലകളിലൂടെ ചോദിക്കുന്നുണ്ട് എന്ന് എനിക്കറിയാം. എന്റെ ആഗ്രഹം മറ്റൊന്നുമല്ല. ഇത് കേട്ടാൽ നീ എന്നെ നോക്കി കളിയാക്കി ചിരിക്കും. അത് എനിക്ക് കേൾക്കാൻ കഴിയുന്നുണ്ടാവില്ല.

എന്റെ ആഗ്രഹം, ഞാനിപ്പോൾ പറയുന്നില്ല. ആഗ്രഹം പറയാനുള്ള ദിവസം ഞാൻ ഈ കടൽ തീരത്തേക്ക് വരും. അത് വരേക്കും ഞാൻ നിന്നോട് യാത്ര പറയുകയാണ്.

ദിവസങ്ങൾ കഴിയുംതോറും ആഗ്രഹം പറയാനുള്ള ദിവസവും അടുത്തു വന്നു. അവൾ കടൽ തീരത്തേക്ക് വന്നു. പുതുവസ്ത്രമായിരുന്നു അവൾ ധരിച്ചിരുന്നത്. അവൾ പറഞ്ഞു

ഇന്നെന്റെ പിറന്നാളാണ്. അതിന്റെ സമ്മാനമാണ് ഈ പുതുവസ്ത്രം. നിനക്കൊരു സമ്മാനം കൊണ്ടു വന്നിട്ടുണ്ട്. നിനക്കിഷ്ടപ്പെടും കാരണം, ഞാനല്ലെ നിനക്കീ സമ്മാനം തരുന്നത്. അവൾ അത് ആ കടൽ തീരത്തുവെച്ചു. കടൽ അതിന്റെ സഹായിയായ തിരമാലയെ വിട്ട് അത് വാങ്ങി. അവളുടെ ആഗ്രഹം അവൾ സാധിച്ചെടുത്തു.

പിറ്റേന്ന് സൂര്യന്റെ കൊടും ചൂടിൽ കടൽ പോലും ചൂടാകുന്ന സമയം.

ലൈഫ് ഗാർഡുകളും വിനോദസഞ്ചാരികളും ആ കടൽ തീരത്തേക്ക് ഓടി വന്നു. മൽസ്യബന്ധനത്തൊഴിലാളി കൾ തങ്ങളുടെ വള്ളവുമെടുത്ത് കടലിലേക്ക് പോയി.

വൈകുന്നേരം വരേയുള്ള തിരച്ചിൽ. ആശ്വാസകരം എന്ന് പറയാൻ ഒന്നും നടന്നില്ല. വിനോദ സഞ്ചാരികൾ ഓരോരു ത്തരും താളംതെറ്റിയ ചിന്താഗതികളോടെ അവിടെ നിന്ന് പോകാൻ തുടങ്ങി.

അപ്പോഴും ആ കടൽ കരയിലേക്ക് തിരമാലകളുടെ കൂട്ട ങ്ങളെ അയച്ചുകൊണ്ടിരുന്നു. ഇന്ന് കടലിന് ചെറിയ സന്തോ ഷവും വിഷമവുമുള്ള ദിനമായിരുന്നു.

സന്തോഷം എന്തുകൊണ്ടെന്നാൽ ഇന്ന് അവന്റെ പ്രിയ പ്പെട്ട കൂട്ടുകാരിയുടെ പിറന്നാളാണ്. വിഷമമെന്തെന്നാൽ കൂട്ട കാരിയുടെ ജീവൻ താൻ നഷ്ടപ്പെടുത്തിയതു കൊണ്ട്. അതെ, അന്ന് തനിക്ക് സമ്മാനമായി പിറന്നാൾ മിഠായി നൽകി പോയ അവളെ തിരമാലകൾ ചേർന്ന് കടലിന് സമർപ്പിച്ചു.

അറ്റമില്ലാത്ത സന്തോഷങ്ങളുടെയും വിഷമങ്ങളെയും ഇടയിൽ ഒരു വറ്റാത്ത ജലാശയമായി ഇനിയും എത്തിച്ചേ രേണ്ടവയേയും കാത്ത് കടൽ ഇന്നും കഴിയും. ജീവൻ ഒരുപാട് പൊലിഞ്ഞ് തന്റെ ദേഹത്ത് വീണിട്ടും തന്റെ മനസ്സിനെ ശാന്തമാകാതെ അശാന്തമായ കടൽ മനസ്സിൽ ഇരമ്പുന്നു.

ഒരുപാട് പേരോട് ക്ഷമ പറഞ്ഞ് കടൽ ഇന്നും അശാന്തമായി കഴിയുന്നു. കടലിനെ അറിയണമെന്ന അഗ്രഹം നിറവേറ്റി അവൾ മറ്റൊരു ലോകത്തേക്ക് യാത്രയായി.

അനുശ്രീ

X A

# സുന്ദരമായ യാത്ര

അന്ന് ഞാൻ നല്ല ആവേശത്തിൽ ആയിരുന്നു. കൊച്ചിയിലേക്ക് സ്കൂളിൽ നിന്നും വിനോദയാത്ര പോകുന്നുണ്ട്. 10 മണി ആകാൻ ഞാൻ പ്രാർത്ഥിക്കുകയായി രുന്നു.

നന്നായി ഒരുങ്ങി തന്നെ സ്കൂളിലേക്ക് പോയി. പേര് പറഞ്ഞതിന് ശേഷം ബസിൽ കയറി ഇരുന്നു. അച്ചനോട് യാത്ര പറഞ്ഞു. ബസ് ഓടാൻ തുടങ്ങി. പാട്ടൊക്കെ വെച്ചി ട്ടുണ്ട്. എല്ലാവരും നൃത്തം ചെയ്യുന്നു.

3 മണി ആയപ്പോൾ ഞങ്ങൾ ഒരു പള്ളിയിലെത്തി. ഒരുക്കങ്ങൾ എല്ലാം ചെയ്ത് പള്ളിയിൽ കയറി പ്രാർത്ഥിച്ചു. പിന്നീട് മ്യൂസിയത്തിലെത്തി. അവിടെ നിന്ന് ചായ കുടിച്ചു. മ്യൂസിയം ചുറ്റിക്കണ്ടു. രാജാക്കന്മാരുടെ ആയുധങ്ങൾ, ആഭര ണങ്ങൾ, നാണയങ്ങൾ എല്ലാം ഞങ്ങൾ കണ്ടു.

പിന്നീട് ഷിപ്പ് യാത്രയ്ക്കൊരുങ്ങി. ഷിപ്പിൽ കയറി. ഷിപ്പ് ഓടാൻ തുടങ്ങിയപ്പോൾ വല്ലാത്ത പേടി തോന്നി. ഷിപ്പിൽ നിന്ന് പല കാഴ്ചകളും കണ്ടു. രണ്ട് ചേട്ടന്മാർ ഡാൻസ് ചെയ്തു. ആടിയും പാടിയും സമയം പോയതറിഞ്ഞില്ല. ഷിപ്പിൽ നിന്നു തന്നെ ഉച്ചഭക്ഷണവും കഴിച്ചു.

പിന്നെ പാർക്കിൽ ചെന്നു കളിച്ചു. കുറേ സാധനങ്ങൾ വാങ്ങി.അതിനു ശേഷം മെട്രോയിൽ കയറി. എന്തു വേഗമാണ് മെട്രോയ്ക്ക്. കാണാനും നല്ല ചന്തമുണ്ട്.

അവസാനമായി ലുലു മാളിൽ പോയി. അവിടം കാണാൻ നല്ല ഭംഗിയുണ്ട്. അവിടെ നിന്നും കുറേ സാധനങ്ങൾ വാങ്ങിച്ചു. പിന്നീട് ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു.

വീണ്ടും ലുലുമാളിൽ കയറി. അമ്പോ....കാണുമ്പോഴേ ബോധം മറയുന്നത് പോലെ തോന്നി. എല്ലാം ചുറ്റിക്കണ്ടു. ബസ്സാസിൽ കയറി വീട്ടിലേക്ക് യാത്ര തിരിച്ചു. വീട്ടിലെത്തിയപ്പോൾ സുന്ദരമായ യാത്രയിലെ ഓർമ്മകൾ എന്നെ ക്ഷീണിതയാക്കി. പിന്നീട് ഉറക്കത്തിലേക്ക് വഴുതി വീണു.

നിരഞ്ജന.എസ്. പ്രസാദ്.
VIII D

വായനാക്കുറിപ്പ്

# ഖസാക്കിന്റെ ഇതിഹാസം

ഒ.വി വിജയൻ

മലയാള നോവൽ സാഹിത്യത്തിനെ ക്ലാസ്സിക് തലത്തിലേക്ക് ഉയർത്തിയ കാലാതിയായ കൃതിയാണ് ഖസാക്കിന്റെ ഇതിഹാസം. കഴിഞ്ഞ അര നൂറ്റാണ്ട് കാലത്ത് മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ള സർഗ്ഗ സാഹിത്യ കൃതികളിൽ ഏറ്റവും ഉജ്ജ്വലമെന്നു വിശേഷിപ്പിക്കാവുന്ന കൃതിയാണിത്.

നോവലിന്റെ ചരിത്രത്തിലാവട്ടെ, കഴിഞ്ഞ ദശവർഷങ്ങൾ എടുത്ത് പരിശോധിച്ചാൽ മറ്റൊരു സമാന കൃതി കണ്ടെത്താനുമാവില്ല. മലയാള സാഹിത്യ ചരിത്രത്തിൽ തന്നെ ഒരു പ്രകാശഗോപുരമായി ഈ കൃതി നിലനിൽക്കുന്നു.

നോവലിസ്റ്റ്, ചെറുകഥാകൃത്ത്, കാർട്ടൂണിസ്റ്റ്, രാഷ്ട്രീയ ചിന്തകൻ, പത്ര പ്രവർത്തകൻ എന്നീനിലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച സാഹിത്യകാരനായ ശ്രീ. ഒ.വി വിജയൻ, 1930 ജൂലൈ 2 ന് പാലക്കാട് വിളയാൻ ചാത്തുരിൽ ജനിച്ചു.

ഈ നോവലില പ്രധാന കഥാപാത്രം രവിയാണ്. രവി അധ്യാപക ജോലിക്കായി ഖസാക്കിലേക്ക് എത്തുന്ന ഇടത്താണ് കഥ തുടങ്ങുന്നത്. പരിഷ്കാരങ്ങൾ ഒന്നും ഇലാത്ത ഒരു നാടാണ് ഖസാക്. ഖസാക്കിൽ നിന്ന് അവർ കൂമൻ കാവിലേക്ക് യാത്ര തിരിക്കുന്നു. ആ യാത്രയിൽ അദ്ദേഹത്തോടൊപ്പം കൂമൻ കാവിലെ ഒരു മധ്യവയസ്കൻ കൂടെ വന്നു. പാലക്കാടൻ അതിർത്തിയിൽ ആയത് കൊണ്ടായിരിക്കാം ഭാഷ തികച്ചും വ്യത്യസ്തമായിരുന്നു.രവി എകാധ്യാപക വിദ്യാലയത്തിലേക്കായിരുന്നു അധ്യാപനത്തിനു വേണ്ടി പോയിരുന്നത്.

പിന്നീട് ചരിത്രത്തിലേക്കുള്ള യാത്രയായിരുന്നു. ആ സന്ദർഭങ്ങളിലെ പ്രധാന കഥാപാത്രം മൊല്ലാക്കയായിരുന്നു. പകുതി ശാഠ്യവും പകുതി ഭയവുമുള്ള ഒരു സ്വഭാവ സവിശേഷതയായിരുന്നു അദ്ദേഹത്തിന്റെത്.

അള്ളാപ്പിച്ചയുടെ മുൻഗാമിയായ വാവരു മൊല്ലാക്കക്ക്, അള്ളാപ്പിച്ച മൊല്ലാക്ക എന്ന കുട്ടിയെ കണ്ടു കിട്ടിയതാണ്. മൊല്ലാക്കയുടെ ഭാര്യയാണ് തിത്തിബിയുമ്മ. അവർക്കൊരു മകൾ ആയിരുന്നു ഉണ്ടായിരുന്നത്. അങ്ങനെയിരിക്കെ അവർ നൈസാമലി എന്ന യുവത്വം തുളുമ്പുന്ന ചെറുപ്പക്കാരനെ കാണാനിടയായി.

അവനെ തന്റെ മകളുടെ ഭർത്താവാക്കാൻ മൊല്ലാക്ക തീരുമാനിച്ചു. ഒരു ദിവസം അദ്ദേഹം കൂമൻ കാവിലെ തന്റെ സുഹൃത്തിന്റെ വീട്ടിലേക്ക് പോയി. നൈസാം അലിയെ ബാങ്ക് വിളിക്കാനുള്ള ചുമതല ഏൽപ്പിച്ചിട്ടായിരുന്നു പോയത്. എന്നാൽ നൈസാമാലി അത് ചെയ്തില്ല.

മൊല്ലാക്കക്ക് ദേഷ്യം വന്നു. നൈസാമാലി ദേഷ്യം പിടിച്ച് ഇറങ്ങിപ്പോയി. അവൻ കൂമൻ കാവിലെ ബീഡിക്കമ്പിനിയിലേക്ക് ആയിരുന്നു പോയത്. ബീഡിക്കമ്പിനിയിലെ ഒരു പണിക്കാരനായി അവൻ ജോലി തുടർന്നു. വർഷങ്ങൾക്ക് ശേഷം അവൻ പുതിയൊരു ബീഡിക്കമ്പിനി തുടങ്ങുകയും ചെയ്തു. ഇങ്ങനെ നൈസാമലിയുടെ ജീവിതം തുടർന്ന് കൊണ്ടേ ഇരുന്നു. രവി തന്റെ ജോലി തുടർന്നു.

ഈ കഥയിൽ പ്രകൃതിയുടെ ഭംഗിയെ പറ്റി വളരെയധികം വിവരിച്ചിട്ടുണ്ട്. ഇതുവരെ വായിച്ചതിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട നോവലാണ് ഖസാക്കിന്റെ ഇതിഹാസം.

നേഹ ഗിരീഷ്
IX E

കവിത

# എന്റെ സ്വർഗ്ഗം എന്റെ അടുക്കള

സൂര്യൻ ഉദിച്ചു, കിളികൾ  പറന്നു
പൂക്കൾ വിരിഞ്ഞു, ശോഭിച്ചു നിൽക്കുന്നു
ഐശ്വര്യദേവത ആകെയുണർന്നു
കാരുണ്യത്തിൻ മനസുമായെന്നമ്മ  അടുക്കളയിൽ
ലോകം മുഴുവനും അടുക്കളയിൽ തീർത്തയെന്നമ്മ
ഒരിക്കലും തീരാത്ത കണ്ണുനീർ
നനഞ്ഞ എൻ വീടിൻ അടുക്കള
അമ്മമാർക്കെന്നും ലോകം മുഴുവൻ അടുക്കള
എന്തിനു വേണ്ടിയെന്നമ്മയീ  കടലിൽ
മുങ്ങി തീരുന്നു
സൂര്യൻ ഉദിക്കും മുമ്പെൻ അമ്മ  അടുക്കളയിൽ
എന്തിന്നു സങ്കടം തീർക്കുമമ്മയ്ക്ക്
സ്വർഗതുല്യം അടുക്കള
ഓരോ നിനവും ആടിക്കളിക്കുന്ന ചില്ലുപോലെ
അങ്ങോട്ടുമിങ്ങോട്ടുമെന്നില്ലാതെ അടുക്കളയിൽ
വെന്തുരിയുമെന്നമ്മ
ഒരു ദിനം എന്നമ്മ
ഒരു ദിനം എന്നമ്മ സന്തോഷവതിയായിരുന്നേൽ
നൂറുനൂറു പ്രശ്നങ്ങളാൽ തലചായ്ക്കുമെന്നമ്മ
വീണ്ടുമടുക്കളയിൽ

നന്ദന
VIII D

വായനാക്കുറിപ്പ്

# ടോട്ടോച്ചാൻ

തെത്സുകോ കുറോയാനഗി എഴുതിയ ടോട്ടോച്ചാൻ എന്ന നോവൽ ഞാൻ വായിച്ചു. വളരെ ആകർഷകമായ ഒരു കഥയാണിത്. ടോട്ടോച്ചാനും അവരുടെ സ്കൂളിനെ കുറിച്ചും കൊബയാഷി മാസ്റ്ററെയും കേന്ദ്രമാക്കിയാണ് ഈ കഥ പുരോഗമിക്കുന്നത്. ലോകമെങ്ങും ചൂടപ്പം പോലെ വിറ്റുപോയ ഒരു നോവലാണ് ഇത്.

റ്റോമ സ്കൂളിലെ ഒരു വിദ്യാർത്ഥിനിയാണ് ടോട്ടോച്ചാൻ. ജിജ്ഞാസയുള്ള ഒരു പെൺകുട്ടിയാണ് ടോട്ടോ. സ്കൂളിലേക്ക് പോകാൻ മടിച്ചിരുന്ന അവൾ റ്റൊമോ എന്ന തീവണ്ടി സ്കൂളിനെ വളരെയധികം ഇഷ്ടപ്പെട്ടു.

മാതൃകാ അധ്യാപകനായിരുന്ന കൊബമാഷി മാസ്റ്റർ. ടോമോ സ്കൂളിലെ ഏറ്റവും വലിയ പ്രത്യേകത എന്തെന്നാൽ ക്ലാസ്സ്മുറികളെല്ലാം തീവണ്ടി പോലെയാണ്.

ടോട്ടോച്ചാൻ ഒരു വികൃതി കുട്ടിയാണ്. അവളുടെ അമ്മ പറയുന്നതൊന്നും അവൾ അനുസരിക്കില്ല. കൊബമാഷി മാസ്റ്റർ ഏറ്റവും നല്ല രീതിയിലാണ് കുട്ടികളെ പഠിപ്പിക്കുക. ഏറ്റവും പഴകിയ വസ്ത്രങ്ങൾ ധരിക്കാനാണ് മാസ്റ്റർ പറയുക.

ടോട്ടോചാന് കുറെ കൂട്ടുകാർ ഉണ്ടായിരുന്നു. അതിലൊരാൾ ആയിരുന്നു യാസ്വാകി ചാൻ. അവനു പോളിയോ രോഗമായിരുന്നു. എന്നിട്ടും അവനും ടോട്ടോച്ചാനും മരങ്ങളിൽ കയറുമായിരുന്നു. ആത്മവിശ്വാസത്തിന്റെ പ്രതീകമായിരുന്നു യാസ്വാകി ചാൻ.

മുഹമ്മദ് ബാസിൽ IX E

വായനാക്കുറിപ്പ്

# ബാല്യകാലസഖി

"ബാല്യകാലസഖി" വൈക്കംമുഹമ്മദ് ബഷീറിന്റെ ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരു ഏടാണ്. ഈ നോവൽ പോലെ ധാരാളം അനുഭവങ്ങൾ ബഷീറിന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. ആ കഥകളെല്ലാം അദ്ദേഹം നമ്മോട് പറയുകയും ചെയ്തിട്ടുണ്ട്.

1908 ജനുവരി 21 ന് വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ബഷീർ ജനിച്ചു. ഉപ്പുസത്യാഗ്രഹത്തിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്. ഒരുപാട് കൃതികൾ അദ്ദേഹം കൈരളിക്ക് സമർപ്പിച്ചിട്ടുണ്ട്.

"ബാല്യകാലസഖി" ഒരു ചെറിയ നോവലാണ്. ഈ നോവലിൽ ബഷീറിന്റെ ഒരുപാട് നല്ല നല്ല അനുഭവങ്ങൾ ഉണ്ട്. ദുഖത്തിലും സന്തോഷത്തിലും എപ്പോഴും കൂടെ നിൽക്കുന്ന നായകൻ മജീദും, രാജകുമാരി സുഹറയും ആണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ.

സമ്പന്നകുടുംബമായിരുന്നു മജീദിന്റേത്. തന്റെ വാപ്പയുടെ ദേഷ്യത്തിന് മുമ്പിൽ നാടും വീടും സൗഭാഗ്യങ്ങളും വിട്ടെറിഞ്ഞ് പോയ മജീദ് തിരിച്ചു വന്നപ്പോൾ കണ്ടത് കടത്തിൽ മുങ്ങി നിൽക്കുന്ന തൻറെ കുടുംബത്തെയാണ്.

തന്റെ പ്രിയ രാജകുമാരി മറ്റൊരാളെ വിവാഹം ചെയ്തിരിക്കുന്നു. പക്ഷെ അപ്പോഴും സുഹറയുടെ മനസ്സിലെ രാജകുമാരൻ മജീദ് തന്നെയായിരുന്നു. അങ്ങനെ തന്റെ രണ്ടു പെങ്ങന്മാരെ കെട്ടിച്ചയക്കാനും, സുഹറയെ സ്വന്തമാക്കാനും, ബാപ്പയുടെ കടങ്ങൾ വീടാനും, ഉമ്മയെയും ഉപ്പയെയും നോക്കാനും ബഷീർ ഒരിക്കൽക്കൂടി നാട്ടിൽ നിന്നും പോയി. അവിടെ മജീദ് ഒരു

ജോലി കണ്ടു പിടിച്ചു. പുസ്തകങ്ങൾ ഡെലിവറി ചെയ്യുക എന്നതായിരുന്നു ആ ജോലി.

ഒരു ദിവസം പതിവുപോലെ സ്യൂട്ട്കേസ് സൈക്കിളിന്റെ വിളക്ക് കുറ്റിയിൽ തൂക്കിയിട്ടു കൊണ്ട് കടലോരത്തുള്ള ടാറിട്ട വിജനമായ വഴിയിലൂടെ സൈക്കിൾ ഓടിച്ചു വരികയായിരുന്നു മജീദ്. പെട്ടെന്ന് സ്യൂട്ട്കേസ് ചക്രത്തിന്റെ ഇടയിൽ കുടുങ്ങി മജീദ് തൻറെ സൈക്കിളിൽ നിന്നും തെറിച്ചു കമ്പിയഴികളിൽ തട്ടി താഴെ അഗാധമായ ഗട്ടറിലേക്ക് വീണു.

ആ അപകടത്തോട് കൂടി മജീദ് അരക്കാലനായി മാറി. അങ്ങനെ മജീദ് മറ്റൊരു ജോലിക്കായി ഖാൻ ബഹാദൂറിന്റെ അടുത്ത് ചെന്നു. മജീദിന്റെ ദുഃഖ വാർത്ത മുഴുവനും മൂളി കേട്ട അദ്ദേഹം മജീദിന് ഒരു രൂപ കൊടുത്തയച്ചു. പക്ഷെ മജീദ് അത് വാങ്ങിയില്ല.

കുറെ ദിവസങ്ങൾക്ക് ശേഷം മജീദിന് ഒരു ഹോട്ടലിൽ എച്ചിൽ പാത്രങ്ങൾ കഴുകുന്ന ജോലി കിട്ടി. അതിനിടക്ക് ഒരു ദിവസം മജീദിന് നാട്ടിൽ നിന്നും ഒരു കത്ത് കിട്ടി.

“ മിനിയാന്നു വെളുപ്പിന് നമ്മുടെ സുഹറ മരിച്ചു.”

മജീദ് തരിച്ചു നിന്നു. എന്നിട്ട് വീണ്ടും പാത്രങ്ങൾ കഴുകാൻ തുടങ്ങി. മനസ്സിൽ സുഹറയുടെ ഓർമകളുമായി മജീദിന്റെ ജീവിതം അങ്ങനെ തുടർന്നു.

വൈക്കം മുഹമ്മദ് ബഷീർ ഈ നോവൽ സമർപ്പിച്ചത് വെറും മുസ്ലിം സമുദായത്തിന് മാത്രമല്ല. മലയാള സാഹിത്യത്തിന് വേണ്ടിയാണ് സമർപ്പിച്ചത്. ഞാൻ ഇന്നേവരെ വായിച്ചതിൽ വെച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട നോവലാണ് “ബാല്യകാലസഖി”.

ആയിഷ നിദ IX E

കവിത

# അടുക്കള

അടുക്കള എരിഞ്ഞിടും കനലുകൾ എരിയും മനസുകൾ
നോവിൻ കഥനങ്ങളിൽ  വിയർത്തിടും അമ്മതൻ മിഴികൾ
സഹനത്തിൽ നാളമായി ജ്വലിച്ചിടും തീക്കളിൽ –
 ശോഭയാർന്ന മിഴികൾ ചേർക്കവേ .

എന്നും തേഞ്ഞു തീരുന്നൊരു നന്മയായി അടുക്കളയിൽ
ജ്വലിക്കുന്ന തീപോലെ ,കനലിൽ ചൂടിൽ ഒരു –
യന്ത്രം പോലെ ആർക്കും വേണ്ടാത്ത ജന്മമായി
മക്കൾക്ക്  നന്മയാഗ്രഹിക്കുന്ന മനസുകളിൽ ,മുഖത്തെ
ശോഭ അണഞ്ഞിടും അടുക്കളയിൽ .

രാത്രിഎന്നില്ല ,പകലെന്നില്ല ,എപ്പോഴും വീശുന്ന –
ഇളം കാറ്റു പോലെ തഴുകിയെത്തവേ അമ്മതൻ –
സാന്നിധ്യം പലപ്പോഴും സ്വന്തം കാര്യം മറന്ന –
മ്മ മക്കൾക്കുവേണ്ടി സമയം പാകം ചെയ്യുന്നു –

ചീഞ്ഞ തക്കാളി  പോലെ അമ്മ ഇന്നൊരു തടസ്സ –
മായി മക്കൾക്കു, ഭാര്യയോടൊത്തു കറങ്ങിയടിച്ചും
പലവക തിന്നും കുടിച്ചും സുഖം തേടി പോകുന്നു അവർ

.

അമ്മതൻ ചോറിന്നു-  വേണ്ട മക്കൾക്കു
ഹോട്ടലിൻ പഴക്കവും മലിനവും മതി .
അമ്മതൻ  സ്മൃതിയാം അമൃതിന്,ഹോട്ടലിൻ

ക്ഷാര ഗുണമാം മലിനത്തിന് .

അടുപ്പിനരികെ അമ്മ അനുഭവിച്ച ചൂടാണ് അവർ
എന്നെന്നും മക്കൾക്കേകുന്ന തണൽ
പച്ചക്കറിയരിഞ്ഞും കഴുകിയും അടുക്കളയിൽ
നിറഞ്ഞിടും സാന്നിധ്യമായി

വ്രണിതമാം കാര്യങ്ങൾ തളർന്നിടും അമ്മ എപ്പോഴും
അടുക്കളയിൽ ഒറ്റയ്ക്ക് നില്ക്കവേ
ഇന്നമ്മ ആളൊഴിഞ്ഞ കോവിലിലെ
കരിന്തിരി പോലെ അവശേഷിക്കുന്നു.

അതെ ഓരോ അടുക്കളയും ഒരു ഓർമ്മയാണ്
സഹനത്തിന്റെ സ്നേഹത്തിന്റെ,യും
സ്മൃതിയുടെയും പര്യായമായ ഓരോ
അമ്മയുടെയും ജീവിതപ്പടർപ്പുകൾ

ക്രൃഷ്ണപ്രിയ
X E

കഥ

# ചെവി

അയാൾക്കെല്ലാം ശബ്ദങ്ങളായിരുന്നു. എല്ലാവരും ശബ്ദങ്ങളായിരുന്നു. അമ്മ നേർത്ത സ്നേഹം നിറഞ്ഞ ശബ്ദം, അച്ഛൻ നേർത്ത ഞരങ്ങലിന്റെ ശബ്ദം. ഭാര്യ സംസാരിക്കാൻ വൈമുഖ്യം കാണിക്കുന്നത് കൊണ്ടാവാം അവളുടെ വസ്ത്രങ്ങളുടെ കിരുകിരുപ്പം ചില നെടുവീർപ്പുകളായിരുന്നു അയാൾക്ക് ഭാര്യ.

മക്കൾ തന്നെപ്പറ്റി അവജ്ഞയോടെ സംസാരിക്കുന്ന ചിലർ മാത്രം. സ്വപ്നങ്ങൾ പോലും അയാളുടെ മുന്നിൽ വരാൻ മടിച്ചു. അവ ചെവിയിൽ നിന്ന് തത്തിക്കളിച്ചു. ആരുടെയൊക്കെയോ സംസാരങ്ങൾ അല്ലെങ്കിൽ പല താളങ്ങൾ അവയായിരുന്നു അയാളുടെ സ്വപ്നങ്ങൾ. അയാളെ സ്നേഹിച്ചതും സംസാരിപ്പിച്ചതും ആശ്വസിപ്പിച്ചതും ഒന്നുമാത്രമായിരുന്നു. മഴ. എന്നെങ്കിലും കണ്ണുതുറന്നാൽ അയാൾ കാണാനാഗ്രഹിച്ചതും മഴയെ മാത്രം.

യുവാവാകുന്നതു വരെ അയാൾക്ക് പ്രശ്നമൊന്നുമില്ലായിരുന്നു. പിന്നെയെപ്പോഴോ കാഴ്ചകൾ മങ്ങി. അപ്പോൾ കണ്ണുടെ അയാളുടെ ചെവിയിൽ കയറി. കല്ല്യാണം കഴിഞ്ഞ് രണ്ട് മക്കളായപ്പോഴേക്കും അയാളുടെ കണ്ണ് മരിച്ചുകഴിഞ്ഞിരുന്നു. ഇന്ന് താനെല്ലാവർക്കും ഒരു ഭാരമായിമാറിയിരുന്നു. പക്ഷേ എന്ത് ചെയ്യാൻ? എങ്ങോട്ട് പോകാൻ. ഇപ്പോഴും ഇവിടെ കടിച്ചുതൂങ്ങുന്നത് അത്കൊണ്ട് മാത്രമാണ്.

*   *   *

ഓട്ടോ വീടിന്റെ നടയിൽ ഇറക്കിപ്പോയി. ആശുപത്രിയിൽ നിന്ന് കൂട്ടുകാരൻ കയറ്റിവിട്ടതാണ്. പടിതൊട്ട് തനിക്ക് മനപ്പാഠ മാണ്. അതുകൊണ്ട് ഓട്ടോക്കാരനോട് വെറപ്പ് തോന്നിയില്ല. കണ്ണോപ്പറഷനു വേണ്ടിയാണ് ആശുപത്രിയിൽ പോയത്. ഇന്നവിടെ അഡ്മിറ്റാവുമെന്ന് അറിയാം.

എല്ലാം ശരിയായി. ഓപ്പറേഷൻ റൂമിലേക്ക് കയറി. തന്നെ എവിടെയോ കിടത്തി. ആരുടെയൊക്കെയോ അടക്കിപ്പിടിച്ച സംസാരങ്ങൾ കേൾക്കാമായിരുന്നു. പിന്നെ എല്ലാം നിശ്ശബ്ദം. സൂചി കണ്ണിനടുത്തേക്കു വന്നതും താനലറി ഇറങ്ങിയോടിയതും ഓർമ്മയുണ്ട്. പിന്നെ ചെവി തെളിഞ്ഞപ്പോൾ കൂട്ടുകാരന്റെ അരികിലാണെന്ന് അവന്റെ ശ്വാസം കേപ്പോൾ മനസ്സിലായി. താനോപ്പറേഷൻ ചെയ്യുന്നില്ല എന്ന് പറഞ്ഞപ്പോൾ അവനൊരു പാട് ചീത്ത പറഞ്ഞു. പിന്നീട് പാവം തോന്നിയാവണം ഓട്ടോയിൽ കയറ്റി ഇവിടെ ഇറക്കിത്തന്നു.

ചീവീടിന്റെ കരച്ചിൽ കേട്ടപ്പോൾ രാത്രിയാണെന്ന് മനസ്സി ലായി. തനിക്കെല്ലാം ഒരുപോലെ.... പതുക്കെ തിണ്ണയിൽ കയറി. ഉമ്മറത്തുനിന്ന് റൂമിന്റെ വാതിലിന്റെ അരികിലേയ്ക്കു ചെന്നു. പിടി തൊടാൻ നോക്കിയതും അകത്തുനിന്ന് ഭാര്യയുടെ അടക്കിപ്പിടി ച്ചുള്ള ചിരിയും വർത്തമാനങ്ങളും. തന്റെ കാഴ്ച പോയതിനു ശേഷം അവളാദ്യമായാണ് ഇങ്ങനെ ചിരിക്കുന്നതെന്നോർത്ത പ്പോൾ അത്ഭുതം തോന്നി. പെട്ടെന്ന് അവളോട് സംസാരിക്കുന്നത് തന്റെ അനിയനാണെന്ന് മനസ്സിലായി. അവനും ചിരിക്കുകയും ചെയ്തു. അവളെന്നോ അഴിച്ചുവെച്ച വളകൾ അവളുടെ കയ്യിൽ നിന്നും കിലുങ്ങി. വീണ്ടും ചിരികളും വർത്തമാനങ്ങളും.

വാതിൽ തള്ളിത്തുറക്കണമെന്ന് തോന്നിയെങ്കിലും കൈ അനങ്ങിയില്ല. പെട്ടെന്ന് മഴ തുടങ്ങി. അകത്തുനിന്നുള്ള ശബ്ദ ങ്ങളെ മഴ വിഴുങ്ങി. അയാൾ പതുക്കെ അനങ്ങാൻ വയ്യാതെ കിടക്കുന്ന അച്ഛന്റെ അരകിൽ ചെന്നു നിന്നു. അച്ഛൻ ഉറങ്ങാതെ കിടക്കുകയായിരുന്നു.

തന്നെ കണ്ടിട്ടാവണം അച്ഛൻ ഞരങ്ങാൻ തുടങ്ങി. ശ്വാസ മെടുക്കലിന്റെ പെടാപ്പാടിനിടയിൽ എന്തൊക്കെയോ പറയാൻ തുടങ്ങി. ചെവി കൂർപ്പിച്ചെങ്കിലും അച്ചന്റെ വാക്കുകൾ വെറും ഞരങ്ങലുകൾ മാത്രമായിരുന്നു. അതിനിടയിനലെപ്പോഴോ ..അവൾ നിന്നെ വഞ്ചിച്ചു... എന്ന് മാത്രം അച്ഛൻ പറഞ്ഞു.

അയാൾ പതുക്കെ അച്ഛന്റെ തലയിൽ തലോടി. തപ്പിപ്പിടി ച്ചെഴുന്നേറ്റ് മരിച്ചുപോയ അമ്മയുടെ മുറിയിലേക്ക് ചെന്നു. പതുക്കെ കട്ടിലിൽ കയറിക്കിടന്നു. കണ്ണുകൾ ഇറുക്കിയടച്ചു.എപ്പോഴോ ഉറക്കം വന്ന് അയാളെ തഴുകി. സ്വപ്നങ്ങൾ അയാളുടെ ചെവിയിലേക്ക് വന്നു. അത് തത്തിക്കളി ക്കാൻ തുടങ്ങി.

പരശ്ശതം പ്രതിധ്വനികളുള്ള മുഴക്കത്തിന്റെ ആഴത്തിലേക്ക് അയാൾ ആഴ്ന്ന് ഇറങ്ങുമ്പോൾ പുറത്ത് മഴ നിലച്ചിരുന്നില്ല.

പ്രഫുല്ല
9E


K P MAYAN SAHIB MEMORIAL
H S SCHOOL ARIKKULAM